# HYDEL BULLET

Issue - 6, Vol - 11, July - August 2023

A Monthly Publication of the Kerala State Elecricticty Board Engineers' Association




## Global Top 10 Smart Meter Companies [2023]

Aclara Technologies LLC.
EDMI Limited.
Enel S.p.A.
Honeywell International Inc.
Itron Inc.
Kamstrup A/S
Landis+Gyr Group AG
Schneider Electric SE
Sensus (Xylem Inc.)
Wasion International

*Source: Blackridge Research & Consulting - Global Smart Meters Market Report*








കെഎസ്ഇബി എഞ്ചിനിയേർസ് അസ്സോസ്സിയേഷൻ തയ്യാറാക്കിയ 'സ്മാർട്ട് മീറ്ററും ടോട്ടക്സും – ആശങ്കകളും യാഥാർഥ്യങ്ങളും' എന്ന ലഘുരേഖയുടെ ആദ്യത്തെ കോപ്പി ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.



Malappuram unit meeting



Kasaragod unit meeting



Palakkad unit meeting



Muvattupuzha unit meeting

**KSEB Engineers' Association Office Bearers 2022 - 23**

**ASSOCIATION**

**President**
Er Sunil K.

**Vice-Presidents**
Er G. Shaj Kumar (South)
Er Sabu T. Joseph (North)

**General Secretary**
Er Geetha V.S.

**Treasurer**
Er Anoop Vijayan

**Organising Secretaries**
Er Kunjunni P.S. (South)
Er Shine Sebastian (North)

**Secretaries**
Er M. Muhammad Rafi (HQ)
Er Nishanth B. (South)
Er Pramod Kumar M. (North)

**BENEVOLENT FUND**

**Chairman**
Er Kenny Philip

**Vice Chairman**
Er Subha T.G.

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep. S.V.

**Joint Secretaries**
Er Biji Radha Krishnan (South)
Er Hareesh A.D. (North)

**EDITORIAL BOARD**

**Chief Editor**
Er K.G. Potti

**Associate Editors**
Er Induchoodan D.R.
Er Divya Ramadas C.
Er Vivek V.S.

**Ex. Officio Members**
Er Sunil K.
Er Geetha V.S.

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 6 Vol - 11 July - August 2023

Editorial

## "SMART SENSE"

The recent spats in the media regarding Smart Meter implementation have again brought issue regarding implementation of policies in KSEBL into the forefront. Whether the management will succumb to the wily plays of trade unions and Associations is a matter to be seen. The agenda seems to be non-implementation of smart meter even though it is being reiterated that protest is not against "Smart Meter" and it is only against "TOTEX" mode. This seems to be a "Smart" move to really stall the implementation. Leaders of the protesters clearly know the fallacy of their alternate proposals.

TOTEX Mode envisages upfront investment by the lowest bidder for all the implementation expenses. The successful bidder will fix the meters, fix the communication infrastructures, develop and install the software packages, establish the communication channels and will maintain and handhold utility for a specific period as proposed in the bid. The payment to the firm will start only after successful implementation or "GO Live" maybe after 2 years or whenever the project is "Going Live". The payment will be in monthly instalments which will be directly debited from KSEB account unless KSEBL contractually objects it citing shortfall in their contractual obligations. It is expected that KSEBL will get additional revenue after the successful implementation and will be relieved off many unwanted expenditure and will be able to cover the

## CONTENTS

**01** – *Page 6*
*തീജ്വാല*
**ഒരു സ്മാർട്ട് മീറ്റർ അപാരത**
*Er എൻ.ടി. ജോബ്*

**02** - *Page 10*
**ജീവനുള്ള സ്മാരകങ്ങൾ**
*ഡോ. സി. രാമചന്ദ്രൻ*

**03** - *Page 12*
**അരിക്കൊമ്പന്റെ ഉപ്പുപ്പാക്ക് പറ്റിയ അമളി**
*ഡോ. തോമസ്സ്കുട്ടി മാത്യു*

**04** - *Page 16*
*ഗാനമാധുരി – 09*
**ശ്രീബുദ്ധൻ – ദർശനവും കരുണയും കാരുണ്യത്തിന്റെ സംഗീതവും**
*Er പി.വി. പ്രമോദ്*

**05** - *Page 28*
*സുഭാഷിതം*
**ആഗ്രഹം**
*Er കെ. ശശിധരൻ*

**06** - *Page 29*
*നാടുനന്നാകാൻ – 18*
**അവർ അന്യരാകേണ്ടവരല്ല**
*Er ഇ.എം. നസീർ*

**07**- *Page 31*
**ഫാദേർസ് ഡേ**
*Er മഹേഷ് ടി.*

**08** - *Page 32*
**Staying Grounded**
*Er Thomas Kolanjikombil*

monthly outgo to the implementation agency. In short TOTEX mode is CAPEX + OPEX with no initial investment required from KSEBL side and extra revenue will more than take care of the related expenditure.

Without clearly recognising the current financial situation of KSEBL, wherein we cannot think of a huge CAPEX investment for implementation of smart meter, this is a very good proposal which does not carry much burden.

C-DAC meters, which are the alternate proposal, can clearly be ruled out for the following reasons. It is an R & D project which envisages transfer of technology after successful development. C-DAC has clearly stated that they are neither capable nor is their intention for large scale deployment. Association and Unions suggest that the technology be transferred to a consortium of public sector companies such as UNILEC, KEL & Keltron and they can manufacture the same. Remember that in normal circumstances C-DAC will support the technology transferred for one year only and rest depends on the company which receives the technology. Here lies the foolishness of the proposal. The requirement of investment for such a project will be far more than the actual investment required for smart meter implementation in Kerala. Many of the components of the smart meter are imported and it requires setting up precision manufacturing for bringing out a successful product in large scale. It requires market testing and many legal formalities and standardisations to finally

come out with such a product. This may take at least three to four years if it's fast tracked. How such a project can be sustained and why such a proposal is being touted is anybody's guess.

Protesters are touting data security as another concern. In this era of Aadhaar, AI camera and data collection in almost every area this is also an argument raised for argument sake. Raising Data security as a concern for such a gigantic project being implemented all over the country is a "fantastic thought" and how they are going to secure the data when implemented through the consortium is left to our own imaginations.

An argument aimed at consumers claim that meter rent will be substantially increased after implementation of smart meter. This also comes from lack of knowledge regarding utilities regulatory requirements. As stated earlier it is expected that additional income on implementation will incorporate the outgo required for the investment. The regulator shall statutorily take care of the requirement of smart meter implementation since it is mandated by statutes. Hence any shortfall if required will have to be met and only with regulators' approval and in a manner which shall alleviate any hard feelings to consumers. If properly implemented, no such requirement will come in. Alternately if such a shortfall is there Government can think of granting a onetime relief to KSEB which will be much beneficial than investing huge money in "Smart Meter manufacturing"

The most potent argument is that smart metering is for "Privatisation of the Utility". We are of the opinion that non-implementation of Smart metering and depriving such benefits to consumers will ultimately sway all consumers away from KSEB, if an alternative is offered before them. The example of JIO and other operators overcoming BSNL in technology is before us. And it will be better that we must be aware of the public psyche which will be in favour of better service irrespective of whoever is serving, private or public. Hence, better to gear up with latest technological offering as early as possible than keeping the door open for others to enter.

KSEB Engineers Association feels that the propaganda regarding "Smart meter" implementation is only a vested agenda of some leaders. We strongly feel that such a strong technological infusion is the need of the hour to revive the flagging financials of the company. The implementation is totally unavoidable, to control the hugely complex future power network with prosumers, microgrids, real time power market and multiple stakeholders. The pinch of managing such network is already being felt across many countries and such a scenario is fast approaching in our country also. Hence we request all to rethink about the unnecessary protests and urge to reconcile and think about how better to implement this much beneficial technology in a befitting manner to sustain KSEBL as a public utility. We are at crossroads and which way to go is our own choice. Hope better sense prevails.

## തീജ്വാല

# ഒരു സ്മാർട്ട് മീറ്റർ അപാരത !



*Er* എൻ.ടി. ജോബ്
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*
*ntjobthirur@gmail.com*

സ്മാർട്ട് മീറ്ററിന്റെ പേരിൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ അപാരമാണ്. വെടക്കാക്കി തനിക്കാക്കി വെടക്കാക്കുക എന്നതാണ് ലക്ഷ്യമെന്നു തോന്നുന്നു. നാടുനീളെ കേന്ദ്ര സർക്കാരിന്റെ പല സ്കീമുകളും നടപ്പിലാക്കുന്നുണ്ട്; അത്തരം പദ്ധതികളിലെല്ലാം നടപ്പിലാക്കുന്നതിന് കുറെ മാനദണ്ഡങ്ങളും വയ്ക്കാറുണ്ട്. അതെല്ലാം പാലിച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്. നാഷണൽ ഹൈവേയുടെ ഭാഗമായുള്ള റോഡുകളെല്ലാം ചെയ്യുന്നത് കേന്ദ്രസർക്കാരിന്റെ കീഴിലെ വകുപ്പുകളാണ്. എന്നാൽ അതിന് സ്ഥലം എടുത്തു കൊടുക്കുന്നത് സംസ്ഥാന സർക്കാരാണ്. അതിലൂടെ പോകുന്ന വാഹനങ്ങളുടെ നികുതി സംസ്ഥാന സർക്കാർ പതിനഞ്ചുവർഷത്തേക്കു വാങ്ങിയിട്ടും അത്തരം റോഡുകളിലൂടെ വാഹനങ്ങളിൽ പോകണമെങ്കിൽ ട്രോൾ കൊടുക്കണം, ഇത് സത്യത്തിൽ ഇരട്ട നികുതിയല്ലേ. എന്നിട്ടും കേരളത്തിൽ പലയിടത്തും ടോൾ കൊടുക്കാതെ പോകുവാൻ പറ്റില്ലെന്നതാണ് നിയമം. അത്തരത്തിൽ കേന്ദ്ര സർക്കാരിന്റെ പദ്ധതികൾക്ക് മാനദണ്ഡങ്ങൾ ഉണ്ടാവും. ആ മാനദണ്ഡങ്ങൾ നടപ്പിലാക്കുവാൻ സാധിക്കില്ലെങ്കിൽ അത്തരം കേന്ദ്ര സഹായം വേണ്ടെന്നുവെച്ച് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെയോ, നടപ്പിലാക്കുന്ന വകുപ്പിന്റെ ചെലവിലോ ചെയ്യണം; അല്ലാതെ കേന്ദ്രത്തിന്റെ നിഷ്കർഷത പാലിക്കാനും പറ്റില്ല, കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പിലാക്കുകയും വേണം, ഇത് എവിടത്തെ ലോജിക്ക് ആണ് ? ഇതാണ് സ്മാർട്ട് മീറ്റർ പദ്ധതിയുടെ നിലവിലെ അവസ്ഥ. കേന്ദ്രത്തിന്റെ സഹായം കിട്ടുകയും വേണം കേന്ദ്രത്തിന്റെ നയം നടപ്പിലാക്കുവാനും പറ്റില്ല. പിന്നെ ഒരേയൊരു വഴിയേയുള്ളു, ഇതിനു വേണ്ടതായ മുഴുവൻ പണവും കെ.എസ്.ഇ.ബി.തന്നെ മുടക്കണം; അതിനൊട്ടു പണവുമില്ല.

നമ്മുടെ മുന്നിൽ റോഡിലെ ക്യാമറകൾ നിൽക്കുന്നുണ്ട്, സംസ്ഥാന സർക്കാർ അത് നടപ്പിലാക്കിയത് ടോടക്സ് മാതൃകയുടെ കുട്ടിപ്പതിപ്പായിട്ടാണ്. കമ്പനികൾ പണം മുടക്കുന്നു; പിരിച്ചെടുക്കുന്ന പണത്തിൽ നിന്നും കമ്പനികൾക്ക് തവണകളായി പണം നൽകുന്നു. ഇപ്പോഴത്തെ സർക്കാരു തന്നെയാണ് ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്, അതേ രീതി തന്നെ സ്മാർട്ട് മീറ്ററിനു വേണ്ടി നിർബന്ധം പിടിക്കുന്നത്. ക്യാമറയുടെ കാര്യത്തിലും കെ ഫോണിന്റെ കാര്യത്തിലും പൊതുമേഖലാ സ്ഥാപനങ്ങളാണ് മുന്നിൽ നിൽക്കുന്നത്, എന്നിട്ട് എന്താണ് സംഭവിച്ചിരിക്കുന്നത്. ക്യാമറയുടെ കാര്യത്തിൽ ആകെയുള്ള പദ്ധതി ചെലവ് ഇരുന്നൂറ്റിമുപ്പത്തിരണ്ടുകോടിയാണെങ്കിൽ അതിൽ നൂറ്റിഅമ്പതു കോടിയും ചെല്ലുന്നത് സ്വകാര്യ കമ്പനികൾക്കാണ്. പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന് വരുന്നത് ആകെ എൺപതു

കോടിയും.ബാക്കിയുള്ള പ്രവർത്തനങ്ങളെല്ലാം സ്വകാര്യ കമ്പനികളാണ് ചെയ്യുന്നത്. കെ. ഫോണിന്റെ കാര്യങ്ങൾ പരിശോധിച്ചാലും ഇതുതന്നെയാണ് മാതൃക. ബെൽ (BEL) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം മുന്നിൽ നിൽക്കുന്നു, കേബിളുകൾ സപ്ലൈ ചെയ്യുന്നത് എൽ എസ് എന്ന കൊറിയൻ കമ്പനിയുടെ ഇന്ത്യൻ രൂപം. കേബിളുകൾ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും എസ്.ആർ.ഐ. എന്ന സ്ഥാപനവും. അവർ ഉപകരാറുകൾ ഏൽപ്പിച്ചിരിക്കുന്ന സ്വകാര്യ കമ്പനികളും മൊത്തം പദ്ധതി തുകയായ ആയിരത്തി അഞ്ഞൂറ്റി ഇരുപത്തി എട്ടുകോടിയിൽ ബെൽ എന്ന കമ്പനിയ്ക്കു ചെയ്യുവാൻ വേറെ പണിയൊന്നുമില്ല. ഈ മൊത്തം പദ്ധതി ചെലവും ഈ സ്വകാര്യ കമ്പനികൾക്കാണ് ലഭിക്കുക. ഈ തുകയിൽപ്പെടാതെ ചെയ്യുന്ന ഡാറ്റയുടെ കാര്യം തൽക്കാലത്തേക്ക് ബി.എസ്.എൻ. എല്ലിനെ ഏൽപ്പിച്ചുണ്ട്. അതിനുവേറെ പാർട്ടികളെ ഏൽപ്പിക്കുന്നതിനായി ടെണ്ടറും വിളിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ., റെയിൽടെൽ എന്നിവ ഒഴിച്ച് ഡാറ്റ നൽകുന്നത് എല്ലാം സ്വകാര്യ കമ്പനികളാണ്. സ്വാഭാവികമായും അവർക്കായിരിക്കും ലഭിക്കുക. കെ ഫോണിന്റെ മൊത്തം പദ്ധതിയിൽ കണക്ഷൻ കൊടുക്കുന്ന പരി പാടി മാത്രമാണ് കേരള മിഷൻ ചെയ്യുന്നത്, അതിന് ഒരു കണക്ഷന് നൂറ്റി ഇരുപത്തിനാലു രൂപ ലഭിക്കും. സൗജന്യമായി നൽകുന്ന ഓരോ കണക്ഷനും അയ്യായിരം രൂപ കണക്ഷൻ ചാർജും പ്രതിമാസം മൂന്നൂറു രൂപയും ഇതു നടപ്പിലാക്കുന്ന കമ്പനികൾക്ക് നൽകണം. അത് തൽക്കാലം കെഫോൺ എന്ന കമ്പനി എഴുപതിനായിരം പേർക്കു നൽകും, ആകെ ലക്ഷ്യം വെച്ച ഇരുപതുലക്ഷം പേരിൽ ബാക്കിയുള്ളവർക്ക് ആരുപണം നൽകും എന്ന കാര്യത്തിൽ ഒരു തീരുമാനവും ഇതുവരെയായിട്ടുമില്ല. ഇത്രയും പേർക്കു കണക്ഷൺ നൽകണമെങ്കിൽ ഇപ്പോൾ വലിച്ചിരിക്കുന്ന നെറ്റ് വർക്കിന്റെ നാലിരട്ടി വലുപ്പം വേണ്ടി വരും, ആ ചെലവ് ആരു വഹിക്കുമെന്ന് ആർക്കും ധാരണയുമില്ല. ഇതാണ് പൊതുമേഖലയെ ഏല്പിച്ച രണ്ടു പദ്ധതികളുടെ അവസ്ഥ.

പൊതുമേഖലാ സ്ഥാപനങ്ങളെ മുന്നിൽ നിറുത്തി സ്വകാര്യ കമ്പനികൾക്ക് ഉപകരാർ കൊടുക്കുകയാണ് എല്ലാ കേസിലും ചെയ്യുന്നത്.ടെണ്ടറുകൾ വിളിച്ച് പിൻവാതിലിലൂടെയല്ലാതെ നേരിട്ട് സ്വകാര്യ സംരംഭകരെ ഏൽപ്പിച്ചാൽ എന്താണ് തെറ്റ്, വളഞ്ഞ് മൂക്കുപിടിക്കേണ്ട കാര്യം എന്താണ്. കെ.എസ്. ഇ.ബി.യിലെ ടെണ്ടറുകളെല്ലാം തന്നെ എടുക്കുന്നതും ചെയ്യുന്നതും പൊതുവെ സ്വകാര്യ കമ്പനികളാണ്. അപൂർവ്വം ചില പൊതു മേഖലാ സ്ഥാപനങ്ങളും ഉണ്ടെന്നത് വാസ്തവവുമാണ്. സ്മാർട്ട് മീറ്ററുകൾ ഉണ്ടാക്കുന്ന കമ്പനികളിൽ നിന്ന് നേരിട്ട് വാങ്ങിയില്ലെങ്കിൽ കൈമറിഞ്ഞു വരുന്നതിനെല്ലാം ചെലവേറും.

ഇനി സ്മാർട്ട് മീറ്റർ പദ്ധതിയുടെ ഇന്ത്യയിലെ അവസ്ഥയൊന്നു പരിശോധിച്ചാൽ ഇതിനകം ഇരുപത്തി മൂന്നു കോടി മീറ്ററുകളുടെ വിവിധ പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. അതിൽ അറുപത്തി നാലു ലക്ഷം സ്മാർട്ട് മീറ്ററുകൾ വിവിധ സംസ്ഥാനങ്ങളിലായി സ്ഥാപിച്ചു കഴിഞ്ഞു. മൂന്നുകോടി അറുപത്തിയഞ്ചുലക്ഷം മീറ്ററുകൾക്ക് വർക്ക് ഓർഡറുകൾ നൽകി കഴിഞ്ഞു. അനുമതി നൽകിയതിൽ കെ.എസ്.ഇ.ബി.യ്ക്കുള്ള ഒരുകോടി രണ്ടു ലക്ഷം മീറ്ററുകളും ഉൾപ്പെടുന്നു. തൃശ്ശൂർ കോർപ്പറേഷനുള്ള നാല്പതിനായിരം മീറ്ററുകൾക്കും അനുമതി ലഭിച്ചിട്ടുണ്ട്. മൊത്തം നൂറ്റി ഒൻപതു പദ്ധതികളിലായാണ് ഇരുപത്തി രണ്ടു കോടി തൊണ്ണൂറ്റി എട്ടുലക്ഷം മീറ്ററുകൾക്ക് അനുമതി നൽകിയിരിക്കുന്നത്.

ഈ പദ്ധതികളുടെയെല്ലാം നോഡൽ ഏജൻസികൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ പി.എഫ്.സി., ആർ.ഇ.സി., ഇ.ഇ.എസ്.എൽ. തുടങ്ങിയവയാണ്. ഇതിൽ പി.എഫ്.സി. ഇരുപത്തി അഞ്ചു പദ്ധതികളുടെ മേൽനോട്ടം വഹി ക്കുന്നു. ആർ.ഇ.സി. മുപ്പത്തി ഒമ്പതു പദ്ധതികൾക്കു മേൽനോട്ടം വഹിക്കുന്നു. ഇ.ഇ.എസ്.എൽ. എന്ന പൊതുമേഖലാ സ്ഥാപനം പതിനൊന്നു പദ്ധതികളുടെയും മേൽനോട്ട ചുമതല ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾ മറ്റു ചില സ്ഥാപനങ്ങളും മേൽനോട്ടം വഹിക്കുന്നു. കേരളത്തിൽ പി.എഫ്.സി.യ്ക്കാണ് മേൽ നോട്ടം.

ഈ എതിർപ്പുകൾക്കിടയിലും ടെൻഡർ നടപടികളുമായി മുന്നോട്ടുപോയി. മുപ്പത്തിയേഴു ലക്ഷം മീറ്ററുകൾക്കാണ് ടെൻഡർ വിളിച്ചത്. ഒരു മീറ്ററിന് എസ്റ്റിമേറ്റ് തുക ആറായിരം രൂപ വെച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. ടെൻഡർ വിളിച്ചപ്പോൾ ലഭിച്ചിരിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ഒമ്പതിനായിരം രൂപയാണ്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അമ്പതു ശതമാനത്തിലേറെ നിരക്ക് വന്നതുകൊണ്ട് റീ ടെൻഡർ ചെയ്യുവാനാണ് സാധ്യത. റീ ടെൻഡർ ചെയ്യുകയാണെങ്കിൽ മൂന്നോ നാലോ മാസത്തെ സാവകാശം ലഭിക്കും, അപ്പോഴേക്കും എതിർപ്പുകളെ സർക്കാർ തലത്തിൽ മറികടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അല്ലെങ്കിൽ രണ്ടുകാര്യങ്ങൾ ഇത് ഏറ്റെടുക്കുവാൻവേണ്ടിവരും; ഒന്ന് ഇത്രയും വലിയ തുക, അതായത് പതിനായിരം കോടി രൂപ മുതൽ മുടക്കുവാൻ കെ.എസ്.ഇ.ബി.ക്കു സാധിക്കണം. രണ്ട് ഇതിന്റെ പേരിൽ സംസ്ഥാനത്തിന് കടമെടുപ്പു പരിധിയിൽ ലഭിച്ച നാലായിരം കോടിയുടെ വർദ്ധന വേണ്ടെന്നു വെയ്ക്കണം. ഇത് രണ്ടും കേരളത്തിനു താങ്ങാവുന്നതിലും അപ്പുറമായതുകൊണ്ട്, സ്വാഭാവികമായും സർക്കാരിന്റെ ഇടപെടലോടുകൂടി നടപ്പിലാക്കുവാനാണ് സാധ്യത.

എതിർക്കുന്നതിന് ഒരു അടിസ്ഥാന കാരണമായി പറയുന്നത് മീറ്റർ റീഡർ മുതൽ സീനിയർ അസിസ്റ്റന്റ് വരെയുള്ള പല തസ്തികകളും ഇല്ലാതാവുമെന്ന കാര്യമാണ്. പക്ഷെ ഇവിടെ കമ്പ്യൂട്ടറുകൾ വന്ന കാലത്തും ഇതുതന്നെയാണ് പറഞ്ഞുകൊണ്ടിരുന്നത്. കമ്പ്യൂട്ടറുകൾ വന്നതിന്റെ പേരിൽ ആരെയും പിരിച്ചുവിട്ടില്ല എന്ന സത്യം എല്ലാവർക്കും അറിയാം. ഇത്തരം സംഭവങ്ങളൊന്നുമില്ലാതെ രണ്ടായിരത്തി ആറിൽ അയ്യായിരം തസ്തികകൾ കുറച്ചത് ചരിത്രമാണ്. അന്ന് പുതിയ സംവിധാനങ്ങളൊന്നും വന്നിട്ടുണ്ടായിരുന്നില്ല. റിട്ടയർമെന്റുകൾ നിമിത്തം ആളുകൾ കുറഞ്ഞപ്പോൾ ആ സമയത്ത് ഉണ്ടായിരുന്ന ആളുകളുടെ എണ്ണത്തിലേക്ക് തസ്തികകളുടെ എണ്ണം കൊണ്ടുവന്നെന്നു മാത്രം. അന്ന് അതിനെതിരെ ആരും പ്രതികരിക്കാതിരുന്നത്, നിലവിലുള്ള ആരേയും അത് ബാധിക്കാത്തതുകൊണ്ടാണ്. അതുപോലെ സ്മാർട്ട് മീറ്റർ നടപ്പിലാക്കിയാലും ആരെയും ബാധിക്കുവാൻ പോകുന്നില്ലെന്നതാണ് സത്യം. മുപ്പത്തിമൂന്നു കെവി സബ് സ്റ്റേഷനുകൾ വന്നപ്പോൾ അതെല്ലാം ആളില്ലാതെയാണ് പ്രവർത്തിക്കുക എന്നായിരുന്നു പ്രഖ്യാപനം. പക്ഷെ നടപ്പിലായപ്പോൾ ആദ്യം സെക്യൂരിറ്റി വന്നു, അതിനു പിന്നാലെ ഓപ്പറേറ്ററും അസിസ്റ്റന്റും വന്നു, ഇപ്പോൾ. ഒരു സാധാരണ സബ്സ്റ്റേഷനിലുള്ള എല്ലാവരുമുള്ള ഒരു സ്ഥലമായി മാറി. എല്ലാവരും കരാർ അടിസ്ഥാനത്തിലാണെന്നുമാത്രം. സ്മാർട്ട് മീറ്ററിന്റെ കാര്യത്തിലും ഇത്രയേയുള്ളു. അതിൽ നിന്നുള്ള ഡാറ്റകൾ സെർവറുകളിൽ നിന്നും സെർവറുകളിലേക്ക് ഒഴുകികൊണ്ടിരിക്കും. ഇപ്പോഴുള്ള എല്ലാവരും അതാത് സ്ഥലങ്ങളിൽ തന്നെ ജോലി ചെയ്യുന്നുണ്ടാവും. എന്നാൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപി

ക്കുമ്പോൾ ലഭ്യമാകുന്ന സാങ്കേതിക സൗകര്യങ്ങളും അതുകൊണ്ടുണ്ടാകുന്ന പ്രയോജനങ്ങളും നഷ്ടപ്പെടുത്തരുത്. പ്രീപെയ്ഡ് മീറ്ററുകളായതുകൊണ്ട് റവന്യൂ മുൻകൂറായി ലഭിക്കുന്നു. ഇപ്പോൾ മൊബൈൽ ഫോണുകളിൽ കൂടുതലും മുൻകൂറായി പൈസ കൊടുക്കുന്നതല്ലേ, അതുപോലെ വരുന്നത് കെഎസ്ഇബിയ്ക്ക് നല്ലതല്ലേ. ഇപ്പോൾ എല്ലാ മാസവും തുടക്കത്തിൽ ശമ്പളവും പെൻഷനും കൊടുക്കുവാൻ ഓവർ ഡ്രാഫ്റ്റെടുക്കുന്ന സ്ഥിതിയാണ്, ഇതിന്റെ പേരിൽ കൂടുതൽ പലിശ നൽകേണ്ടിവരുന്നുണ്ട്, ഇതൊഴിവായി കിട്ടും. ഓരോ ട്രാൻസ്ഫോർമറിലും ഉണ്ടാകുന്ന നഷ്ടം അത് സാങ്കേതികമായും സാമ്പത്തികമായും കണ്ടുപിടിച്ച് പരിഹരിക്കുന്നത് എളുപ്പമാവും. പ്രസരണ - വിതരണ - വ്യാപാര നഷ്ടം കുറയ്ക്കുന്നതിന് സ്മാർട്ട് മീറ്ററുകൾ സഹായകരമാവും. ഇപ്പോഴുള്ളത് - കൊട്ടത്താപ്പ് കണക്കാണെന്ന് എല്ലാവർക്കും അറിയാം, അത് കിറുകൃത്യമായി കണക്കാക്കിയെടുക്കാനാവുമെന്നതാണ് ഏറ്റവും ഗുണകരമായ വസ്തുത. ഓരോ പ്രദേശത്തെയും വൈദ്യുത മേഖലയുടെ ആസൂത്രണം കൃത്യമായി സ്മാർട്ട് മീറ്ററുകളിൽ നിന്നും ലഭിക്കുന്ന ഡാറ്റകൾ ഉപയോഗിച്ച് ചെയ്യുവാൻ സാധിക്കും. ലോഡ് കൂടുതലുള്ള ട്രാൻസ്ഫോർമറുകളും കണ്ടക്ടറുകളും തിരിച്ചറിയുവാൻ കഴിയു മെന്നുള്ളത് വലിയ കാര്യമാണ്, അതുവഴി അത്തരം കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കു വാൻ സാധിക്കും. അങ്ങനെ ഒരുപാടു ഗുണ ങ്ങളുള്ള സ്മാർട് മീറ്റർ പദ്ധതി നടപ്പിലാക്കു വാനുള്ള എല്ലാശ്രമങ്ങളും തുടരുമെന്നു തന്നെ യാണ് പ്രതീക്ഷിക്കുന്നത്. കാലത്തിനനു സരിച്ചുള്ള മാറ്റങ്ങൾ യഥാസമയം കൈ ക്കൊണ്ടില്ലെങ്കിൽ നമ്മുടെ സ്ഥാനം പ്രതീക്ഷി ക്കാത്ത സ്ഥലങ്ങളിലേയ്ക്കെത്തുമെന്നുള്ളത് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഇതേ മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്, അവിടെയൊന്നും ബഹളങ്ങളില്ല എന്നതും അവിടെയെല്ലാം ജീവനക്കാരുണ്ടെന്നതും അവരെല്ലാം അഖിലേന്ത്യ സംഘടനകളുടെ ഭാഗമാണെന്നതും വാസ്തവം. എന്നിട്ടും ആ വിഷയങ്ങളിലൊന്നും ഈ പദ്ധതിക്കെതിരെ ആരും നിൽക്കുന്നില്ലെന്നത് നമ്മളും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## Letters to the Editor

**കത്തുകൾ അയക്കേണ്ട വിലാസം**




The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696
hydelbulletin@gmail.com 7012117197

# ജീവനുള്ള സ്മാരകങ്ങൾ



**ഡോ. സി. രാമചന്ദ്രൻ**
*ഡെപ്യൂട്ടി ചീഫ് എൻജിനീയർ (റിട്ട.)*

**ഞ**ങ്ങളുടെ ഗ്രാമം വളരെ പ്രത്യേകതകൾ നിറഞ്ഞതാണ്. വളരെ വിചിത്രങ്ങളായ ഒട്ടേറെ കഥാപാത്രങ്ങൾ നിറഞ്ഞു നിൽക്കുന്നതും നിന്നിരുന്നതും. ഒരു എം.റ്റിയോ മുകുന്ദനോ ഉണ്ടായിരുന്നെങ്കിൽ ഇതിഹാസതുല്യമായ ഒട്ടേറെ സൃഷ്ടികൾ ജനിക്കുമായിരുന്നു. ആറേഴു പതിറ്റാണ്ടുകാല രഥ്യകളിൽക്കൂടി പിറകോട്ടു സഞ്ചരിച്ചാൽ അവരിൽ പലരും പുനർജ്ജനിച്ചേക്കാം. ഓർമ്മകളുടെ നാടുവഴികളിൽക്കൂടി ഒഴുകാൻ പലർക്കും പരിഷ്ക്കാരത്തിനൊപ്പം സഞ്ചരിയ്ക്കുന്ന ധൃതിയിൽ കഴിഞ്ഞെന്നു വരികയില്ല.കഴിവിന്റെ,കഴിവുകേടിന്റെ, പ്രതീക്ഷയുടെ, നിരാശയുടെ എല്ലാം ഭാണ്ഡങ്ങൾ അഴിച്ചു വയ്ക്കുന്ന, അല്ലെങ്കിൽ അഴിഞ്ഞുമാറുന്ന ചില നീണ്ട നിശ്ശബ്ദതകളിൽ ഈ കഥാപാത്രങ്ങൾ പഴമയുടെ തനിമയോടെ പുനർജ്ജനിയ്ക്കുന്നു. ചിലർ നിദ്രാദേവി, നിശകളിൽ കയർക്കുമ്പോൾ പകരക്കാരായി വരാറുണ്ട്. അവരിൽ ഒരാളെ ഇന്നു പരിചയപ്പെടാം.

ഞങ്ങളുടെ ഗ്രാമത്തിലെ ഒരു മുതുമുത്തശ്ശി പ്രൈമറി വിദ്യാലയമാണ് ഇടിഞ്ഞകുഴി എൽ.പി.എസ്., പേരു മാറ്റുന്നില്ല. ചരിത്രത്തെ വളച്ചൊടിക്കുന്നുവെന്നാണല്ലോ നമ്മുടെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ പരസ്പരം കുറ്റപ്പെടുത്തുന്നത്. തന്നെയുമല്ല ഒരു പേരു പറഞ്ഞതിന്റെ പേരിൽ സൈബർ പോരാളികൾ യുദ്ധസജ്ജരാകുകയുമില്ലല്ലോ.

ഞങ്ങൾ, ഞാൻ,ശശി,ചന്ദ്രൻ(പുള്ളി ഇപ്പോൾ തിരുവനന്തപുരത്ത് വിശ്രമജീവിതം നയിക്കുന്നു) പിന്നെ മറ്റു ചിലരെല്ലാം കൂടിയാണ് സ്കൂളിൽ പോകുന്നത്, ആഘോഷമായി. ഇന്നത്തെപ്പോലെ യൂണിഫോം, കണ്ഠകൗപീനം, ഒരുകെട്ടു പുസ്തകങ്ങളും മറ്റു പാരഫർണേലിയകളുമടങ്ങുന്ന ഭാണ്ഡം ഒന്നും ഇല്ലാതെ സ്ലേറ്റും പുസ്തകവും എന്ന നാമധേയത്തിലുള്ള രണ്ടു മൃതവസ്തുക്കളുമായാണ് യാത്ര. ഭാഗ്യവാന്മാരായ ചിലർക്ക് പോക്കറ്റുള്ള ഉടുപ്പായിരിയ്ക്കും. അതിൽ സ്ലേറ്റു പെൻസിലും തിരുകും. കറുത്ത അസൽ സ്ലേറ്റിൽ പെൻസിൽ കൊണ്ടെഴുതുന്ന പാടു മാറ്റാൻ ചെടിത്തണ്ടുകളും കരുതും.ഒന്നു പ്രസ് ചെയ്താൽ ഇഷ്ടംപോലെ നീരു തെറിയ്ക്കുന്ന തണ്ടുകൾ. അതിന് വെള്ളിത്തണ്ടെന്നാണ് പറയുന്നത്.

ഇന്നത്തെപ്പോലെ കിഫ്ബി റോഡുകളോ തൊഴിലുറപ്പുകൊണ്ട് കൊത്തി മാന്തിയ വിക്കു പിടിച്ച നീർത്തടങ്ങളോ അല്ല; മഴയത്തും വെയിലത്തും കൃത്യമായ താളക്രമത്തോടെ നിന്നും നിർത്തിയും പൊങ്ങിയും താണും ഡാൻസു ചെയ്തു വരുന്ന അരുവിപ്പെൺകൊടി ആയിരുന്നു. ഒരു നടപ്പാത മാത്രം അതിന്റെ ഒരു വശത്ത്. അങ്ങനെ രാവിലെ പഴംകഞ്ഞി കുടിച്ച് സ്ളേറ്റും പുസ്തകവുമായി, വീട്ടിൽ കഞ്ഞികുടിയ്ക്കാൻ ഇനമുള്ളവർ ഒരു തൂക്കു പാത്രത്തിൽ ചോറും കരുതി നിരയായി ആഘോഷമായി ഇറങ്ങും. ഇന്നത്തെപ്പോലെ കുഞ്ഞു

ങ്ങളെ ഒരുക്കിക്കൊണ്ട് ഫാഷൻ പരേഡ് നടത്തുന്ന യുവതികളായ അമ്മമാരൊന്നും അന്നില്ല. ശകടങ്ങളുടെ ഇരപ്പുകളോ ആംബുലൻസുകളുടെ അലറിപ്പാച്ചിലുകളോ ഒന്നുമില്ല, കിളികൾക്കൊക്കെ സ്വതന്ത്രമായി പാടാമായിരുന്നു. പാട്ടുകൾ വിശകലനം ചെയ്ത് കേസെടുക്കുന്ന രീതികളൊന്നും അന്നില്ലായിരുന്നു. അവയ്ക്ക് ഇരിയ്ക്കാനും പറക്കാനും ഒന്നും നിയന്ത്രണങ്ങളില്ലായിരുന്നു,

അങ്ങനെ ഞങ്ങൾ ഉല്ലസിച്ചുപോകുന്ന വഴിയുടെ ഓരത്തായിരുന്നു രാമൻ നായരുടെ വീട്. അദ്ദേഹത്തിന്റെ ഒരു മകൻ ഞങ്ങളുടെ ക്ളാസ്സിലായിരുന്നു. മിക്കവാറും ഗ്രൂപ്പിൽ കൂടും. വീട്ടിൽ കൊടിയ ദാരിദ്ര്യമാണ്. ഒരുടുപ്പേ ഉള്ളു കരുണന്. അതുതന്നെ ഞങ്ങൾ വീടിനു മുന്നിലെത്തുമ്പോൾ മാത്രമാണ് അനിയന്റെ കൈയിൽ നിന്നു പിടിച്ചു വാങ്ങി ദേഹത്തു കേറ്റിക്കൊണ്ടു വരുന്നത്. എവിടെ നിന്നോ എടുത്തു കൊണ്ടുവരുന്ന സ്ളേറ്റു പുസ്തകവും കാണും, കൂട്ടിന്. കരുണന് ഞങ്ങളേക്കാൾ ഏറെ പൊക്കമുണ്ട്. അഛൻ ഏഴടി പൊക്കക്കാരനായിരുന്നു. റൗക്കക്കാരിയായ അമ്മയും ഒരു പൊക്കക്കാരി ആയിരുന്നു.

കഥ നീട്ടേണ്ട, ഒരു ദിവസം ഞങ്ങൾക്ക് കരുണനെ കൂടാതെ സ്കൂളിൽ പോകേണ്ടി വന്നു. ക്ളാസ്സിൽ ബഞ്ചുകൾ മാത്രമേ ഉള്ളു. വച്ചെഴുതുന്നതെല്ലാം മടിയിലാണ്.ഒരു ഖദർ മുണ്ടും ജൂബയുമാണ് ഞങ്ങളുടെ ഗോപാല പിള്ള സാറിന്റെ വേഷം. അദ്ദേഹത്തോളം പൊക്കമുള്ള ഒരു ചൂരലും യൂണിഫോം പോലെ തന്നെ കൈയിൽ കാണും.

അന്നു ക്ളാസ്സു തുടങ്ങിക്കഴിഞ്ഞാണ് കരുണൻ വാതിൽക്കൽ വന്നു നിന്നത്. എല്ലാവരും അതിശയത്തോടെ നോക്കി. അവനിൽ എന്തോ ഒരു പ്രത്യേകത. അവന്റെ ഉടുപ്പ് കാൽ മുട്ടോളം ഇറങ്ങിക്കിടക്കുന്നു. എന്നത്തേയും തോർത്തു മുണ്ടും കാണുന്നില്ല.

സാർ അവനെ രൂക്ഷമായി നോക്കി. താമസിച്ചതിലുള്ള അമർഷം പ്രകടിപ്പിച്ചതാകാം. ചൂരൽ കോണ്ടുതന്നെ ആംഗ്യം കാട്ടി ക്ളാസ്സിൽ വരാൻ പറഞ്ഞ് മുന്നിൽ നിർത്തി. അടിമുടി നോക്കി. നിന്റെ മുണ്ടെവിടെ; ചോദിച്ചു. എന്നിട്ട് പാളപോലെ തൂങ്ങിക്കിടന്നിരുന്ന നീളൻ ഉടുപ്പിന്റെ കീഴ്തല ഒന്നു പൊക്കി അതേ പോലെ കൈ മാറ്റുകയും ചെയ്തു. പ്രസക്തഭാഗങ്ങൾ വല്ലതും കണ്ടോ എന്നറിയില്ല, ഇളിഭ്യതയും സഹതാപവും ദൈന്യതയുമെല്ലാം ചൂരലിന്റെ അറ്റം വരെ എത്തിയതായി ഞങ്ങൾക്കു തോന്നി.

എവിടെടാ നിന്റെ മുണ്ട്,, സാറിന്റെ ചോദ്യത്തിനു മുന്നിൽ കർണ്ണൻ നിരാലംബനായി കുനിഞ്ഞു നിന്നതേ ഉള്ളു.

ഞങ്ങൾ കുട്ടികൾ ആൺപെൺ ഭേദമില്ലാതെ ചിരിച്ചു.

കർണ്ണൻ കുനിഞ്ഞു നിന്നതല്ലാതെ കമാ എന്നൊരക്ഷരം മിണ്ടിയില്ല.

നിന്റെ നാവിറങ്ങിയോടാ, ഗോപാലപിള്ള സാർ വീണ്ടും ആക്രോശിച്ചു

വടി ഓങ്ങിയതേ ഉള്ളു. ഏതു ചന്ദ്രകാന്തവും ചന്ദ്രികയിൽ അലിയുമല്ലോ.

സാർ, എന്റെ മുണ്ട് ഉടുത്തോണ്ട് അപ്പൻ കല്യാണത്തിനു പോയി. പകരം അപ്പന്റെ ഉടുപ്പെടുത്തോളാൻ പറഞ്ഞു. ഒന്നും കാണത്തില്ലെന്നു പറഞ്ഞു.

സാർ പിന്നെ മിണ്ടിയില്ല. മേലോട്ടു നോക്കി.

ആ കരുണൻ പിൽക്കാലത്ത് മരണാനന്തര കർമ്മങ്ങളുടെ പ്രയോക്താവായി, ഇന്നും ജീവിക്കുന്നു.

✵



# അരിക്കൊമ്പന്റെ ഉപ്പുപ്പാക്ക് പറ്റിയ ആന അമളി

ഡോ. തോമസ്കുട്ടി മാത്യു *Ph.D., D.Sc.*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (Rtd.)*

**ആ**ർക്കാണ് ചെറിയ ചെറിയ അമളികൾ പറ്റാത്തത്; കുഞ്ഞൻ പൂച്ചയ്ക്കു പറ്റിയ കൊച്ചമളി നഴ്സറിപ്പാട്ടുകളിൽ പോലും നിറഞ്ഞുനിൽക്കാറുണ്ട്.

*കൊച്ചു പൂച്ചക്കുഞ്ഞി നൊരു കൊച്ചമളിപറ്റി*

*കാച്ചിവച്ച ചൂടുപൈംപാൽ ഓടിച്ചെന്നു നക്കി...*

ഓടിച്ചെന്നിട്ടാണെങ്കിലും അല്ലെങ്കിലും പറ്റിയതു പറ്റിയതു തന്നെ. കുഞ്ഞൻ പൂച്ചക്കായതുകൊണ്ട് അത് കൊച്ചമളി ആയി വിശേഷിപ്പിക്കപ്പെടുമ്പോൾ വലിയവർക്കാണ് പറ്റുന്നതെങ്കിൽ തീർച്ചയായും വാർത്താ പ്രാധാന്യവും മറ്റു പരിവേഷവും വന്നുകൂടുന്നു.

അങ്ങനെ ഒരു കാട്ടാനയ്ക്കു പറ്റിയ അമളി 'ആന അമളിയാകുന്നത്' സ്വാഭാവികം. പമ്പാ ഡാമിൽ നിന്ന് ആനത്തോടിലേക്കുള്ള വഴിയിലെ ഒരു കയറ്റത്തിലണ് സംഭവം നടക്കുന്നത്. സംഭവം നടന്നിട്ട് അരനൂറ്റാണ്ടിലേറെയായിരിക്കുന്നു.

അതായത് ശബരിഗിരി പദ്ധതിക്കു വേണ്ടിയുള്ള ആദ്യകാല പണികൾ നടക്കുന്ന സമയം. KSEB വകയാണ് പണികളെല്ലാം. പമ്പാ ഡാം, ആനത്തോട് ഡാം, കക്കി ഡാം എന്നീ അണക്കെട്ടുകളുടെയും അവയെ ബന്ധപ്പെടുത്തുന്ന റോഡുകളുടെയും പണികളാണ് ആദ്യം നടത്തുന്നത്. വണ്ടിപ്പെരിയാർ വള്ളക്കടവു മുതൽ ഗവി, കൊച്ചുപമ്പ, ആനത്തോട്, കക്കി, മൂഴിയാർ, ആങ്ങമൂഴി, പ്ലാപ്പള്ളി വരെയും, പ്ലാപ്പള്ളി ളാഹ-വടശ്ശേരിക്കര വരെയുമുള്ള റോഡ് പിന്നീട് PWD ഏറ്റെടുത്തെങ്കിലും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതും വളരെക്കാലം അറ്റകുറ്റപണികൾ നടത്തിയിരുന്നതും KSEB ആയിരുന്നു.

അങ്ങനെ റോഡിന്റെ സർവ്വേ എല്ലാം നടത്തി അലൈൻമെന്റ് ശരിയാക്കി ആദ്യകാല പണികൾ പുരോഗമിക്കുന്ന കാലം. റോഡിന്റെ പല ഭാഗങ്ങളിൽ ഒരേ സമയമാണ് പണികൾ നടത്തുക. പകൽമുഴുവൻ പല സൈറ്റിൽ പല ഗ്രൂപ്പ്കളിലായി പണിനടത്തുന്ന തൊഴിലാളികളും എൻജിനീയർമാരും രാത്രിയിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിലാണ് ക്യാമ്പുചെയ്യുന്നത്. അക്കാലത്ത് പമ്പാഡാമിലും ആനത്തോട് ഡാമിലുമാണ് കോളനികൾ.

പകൽ പണിതീർത്ത് ക്യാമ്പിലേക്കു മടങ്ങുമ്പോൾ പണിയായുധങ്ങളും മറ്റും ക്യാമ്പിലേക്കു ദിവസവും കൊണ്ടുപോകാറില്ല. അവ പണിസ്ഥലത്തുതന്നെ ഇടുകയാണ്, പിറ്റേന്നും ഉപയോഗിക്കാൻ വേണ്ടി. അങ്ങനെ നടുറോഡിലിട്ടാൽ കള്ളന്മാരും മറ്റും മോഷ്ടിച്ചു കൊണ്ടു പോകുമെന്ന ഭയം വേണ്ട. പ്രത്യേകിച്ചും ഭാരമേറിയ ഉപകരണങ്ങൾ

പക്ഷേ കാട്ടുമൃഗങ്ങളുടെ ശല്യമുണ്ടാകുന്നത് സാധാരണയാണ് കുരങ്ങന്മാർ ചില വികൃതികളൊക്കെ കാട്ടാറുണ്ട്. മറ്റ് മൃഗങ്ങൾ അത്ര തന്നെ പ്രശ്നമുണ്ടാക്കാറില്ലെങ്കിലും ആനകളുടെ ശല്യം പലപ്പോഴും കാര്യമായി ത്തന്നെ ഉണ്ടാകാറുണ്ട്. എല്ലാം ചവിട്ടിനിരത്തുകയും മറ്റും ചെയ്യും.

റോഡിൽ ആനത്തോടു മുതൽ പമ്പാ ഡാം വരെയുള്ള ഭാഗത്ത് കുത്തനെയുള്ള

കയറ്റം ഇല്ലെന്നുതന്നെ പറയാമെങ്കിലും ലെവലായിട്ടുള്ള സമതലഭാഗം ലവലേശമില്ല. കാട്ടിൽ എല്ലായിടത്തും തന്നെ കയറ്റവും ഇറക്കവും വളവുകളും നിറഞ്ഞ വഴികളാണ ല്ലോ.

റോഡ് വർക്കിന് ഒരു പ്രധാന ഉപകരണ മാണ് റോഡ് റോളർ (അഥവാ അമ്മാവൻ കല്ല്). അതിന്റെ ഭാരം കാരണം അത് എപ്പോഴും സൈറ്റിൽ തന്നെയാണ് ഇടാറുള്ളത്. പണി കഴിഞ്ഞ് ജോലിക്കാർ പോകുമ്പോൾ, റോളർ ഉരുണ്ട് പോകാതിരിക്കാൻ അട (ഊട്) വയ്ക്കു വാൻ പലപ്പോഴും ശ്രദ്ധിക്കും. കാരണം, ആ ഊട് ഒന്നു തെറ്റിയാൽ റോളർ ഉരുണ്ട് എവിടെ വരെ പോകുമെന്ന് പറയാൻ പറ്റില്ല. റോളറിന്റെ അടി ഭാഗത്ത് വലിയ കരിങ്കൽ ചീളുകൾ വച്ച് റോളർ അനങ്ങുകയില്ല എന്നുറപ്പാക്കിയ ശേഷമേ ജോലിക്കാർ പോകുകയുള്ളൂ.

കയറ്റമുള്ള ഭാഗത്ത് ആനത്തോടിനടുത്ത് റോഡിൽ അപ്രകാരം ഉറപ്പിച്ചിരുന്ന ഒരു റോളർ ആണ് ആദ്യം നായകന്റെയും പിന്നെ വില്ലന്റെയും റോളിലെ ഉപകരണമായി മാറിയത്. രാത്രിയിൽ മദിച്ചുല്ലസിച്ചുവന്ന ഒരുപറ്റം ആനകൾ റോളറിൽ അല്പം കസർ ത്തു കാണിച്ചത് ഒടുവിൽ ഒരു കൊമ്പനാന യ്ക്ക് വിനയായി.

ഒന്നുരണ്ടു ദിവസമായി രാത്രിയിൽ അവിടെ ആനക്കൂട്ടം വരികയും അതും ഇതും തട്ടിനിരത്തുകയും ചെയ്തിരുന്നു.

മൂന്നാം ദിവസം രാവിലെ സൈറ്റിലെ ത്തിയ തൊഴിലാളികൾ കണ്ടത് വിചിത്രമായ ഒരു ദൃശ്യമായിരുന്നു. ഒരു വലിയ കൊമ്പനാന റോഡിൽ ഇറക്കത്തുനിന്ന് റോളർ മുകളി ലേക്കു തള്ളിപ്പിടിച്ചിരിക്കുന്നു. രണ്ടു കൊമ്പു കളും തുമ്പിക്കൈയും ഉപയോഗിച്ചുള്ള ആ പ്രയോഗം റോളർ റോഡിലേക്ക് ഉന്തിക്കയ റ്റാനുള്ള ശ്രമമായിരുന്നില്ല.

കാഴ്ച കണ്ടവർ ആദ്യമേ ഒന്നു ഭയന്നു. എങ്കിലും പിന്നീടു കാര്യം മനസ്സിലാക്കി. കൊമ്പനാന റോളറിന്മേലുള്ള ബലപ്രയോഗം നിർത്തിയിട്ട് എവിടെയും പോകുന്നില്ല. അതിന് ആനയ്ക്കു സാധിക്കുന്നില്ല എന്നതാ യിരുന്നു സത്യം.

കാരണം, റോളർ മുകളിലേക്കു ഉന്തിപ്പി ടിച്ച് ബാലൻസ് ചെയ്തില്ലെങ്കിൽ അത് താഴേ യ്ക്ക് ഉരുണ്ട് ആനയുടെ മുൻകാലുകളിൽ ഇടി ക്കും. അടിതെറ്റിയാൽ ആനയും വീഴുമല്ലോ. അതുകൊണ്ട് പേടിച്ചാണ് ആന റോളറിലെ ബലപ്രയോഗം നിർത്താത്തത്. കുരങ്ങൻ പാമ്പിനെ പിടിക്കുന്നതുപോലെ സ്വയം രക്ഷ യാണ് വിഷയം.

തലേന്ന് രാത്രി ആനക്കൂട്ടം വന്നു മേളിച്ചതിന്റെ ലക്ഷണങ്ങളാണ് ചുറ്റുപാടും കാണുന്നത്. പലവിധ വലിപ്പത്തിലുള്ള ആനപ്പിണ്ടങ്ങൾ ടൺകണക്കിനാണ് അവിടി വിടെ നിരന്നുകിടക്കുന്നത്. ഒടിച്ചിട്ട മരച്ചില്ല കളും പറിച്ചുതിന്ന ഈറ്റയുടെയും മറ്റു ചെടി കളുടെയും അവശിഷ്ടങ്ങളും എല്ലാം നിരന്ന് ഒഴിഞ്ഞ യുദ്ധക്കളം പോലെ. റോളറിൽ ബാലൻസ് ചെയ്തുനിന്ന് കൊമ്പനാനയുടെ പിൻകാലുകളുടെ പുറം ഭാഗത്ത് ഒരേ സ്പോട്ടിൽ തന്നെ ആനപ്പിണ്ടം കുന്നുകൂടിക്കി ടക്കുന്നു. അതുമുഴുവൻ തന്നെ നമ്മുടെ കഥാനായകൻ വിസർജ്ജിച്ചതാണെന്നുള്ള തിൽ തർക്കമില്ല.

കഥാനായകനാകട്ടെ, രാത്രിമുഴുവൻ അമ്മാവൻ കല്ലുമായി പട പൊരുതി തീർത്തും അവശനായ നിലയിൽ. പാവത്തിന്റെ കൺകോ ണുകൾ നനഞ്ഞിരുന്നു.

രംഗനിരീക്ഷണം നടത്തിയവർ അനു മാനിച്ചത് : രാത്രി ആന കൂട്ടം തിന്നുമേളിച്ച് ആ വഴിയിൽ വന്നപ്പോൾ അവരുടെ വഴിമുട ക്കിയായി നില്ക്കുന്നു ഒരു അമ്മാവൻ കല്ല് – റോളർ, കൂട്ടത്തെ നയിച്ചിരുന്ന കൊമ്പ നാനയും ചില ശിങ്കിടികളും കൂടി,

"നോക്കെടാ നമ്മുടെ മാർഗേ കിടക്കുന്ന അമ്മാവൻകല്ലേ നീയങ്ങു മാറിക്കിടാശ്ശടാ..."

എന്നാക്രോശിച്ചുകൊണ്ട് റോളറിന്റെ മേൽ പുച്ഛഭാവത്തിൽ ചവിട്ടിനോക്കി. ഊടു വച്ചിരുന്നതിനാൽ റോളറിനുണ്ടോ കുലുക്കം. കൊമ്പനും കൂട്ടുകാർക്കും ആ ശിലയുടെ ധിക്കാരം ഒട്ടം ഇഷ്ടപ്പെട്ടില്ല എന്നു പറയേണ്ട തില്ലോ. അവർ റോളർ ഉന്തി കയറ്റത്തേക്കു നീക്കുകയും അതിന് ഊടുവച്ച കല്ലുകൾ തട്ടിമാറ്റുകയും ചെയ്തു.

തന്റെ വിജയഭാവത്തിൽ മറ്റാനകൾ റോളറിൽനിന്ന് പിടിവിട്ടപ്പോൾ റോളർ താഴെ ക്ക് ഉരുളുന്നു. നായകനായ കൊമ്പൻ ഉടൻ തന്നെ രണ്ടുകൊമ്പുകളും തുമ്പിക്കൈയും ഉപയോഗിച്ച് റോളറിൽ ബലംകൊടുത്തപ്പോൾ അതു ബാലൻസ് ചെയ്തുനിന്നു. അല്പം കഴിഞ്ഞു കൊമ്പൻ തുമ്പിക്കൈയിലെ ബലം കുറച്ച് കൊമ്പുകളും പിൻവലിച്ചപ്പോൾ വീണ്ടും പ്രശ്നം; റോളർ താഴേക്ക് ചലിക്കുന്നു. സംഗതി പന്തിയല്ലെന്നു മനസ്സിലാക്കിയ കൊമ്പൻ വീണ്ടും റോളർ തള്ളിപ്പിടിച്ച് അതിന്റെ ചലനം നിർത്തി. പക്ഷെ പിന്നീട് പലവട്ടം ഇതാവർ ത്തിച്ചതല്ലാതെ കൊമ്പന് റോളറിലെ താങ്ങു മാറ്റാനോ താങ്ങില്ലാതെ റോളർ നിശ്ചലമാ ക്കാനോ സാധിച്ചില്ല.

അതിന്റെ ഊടുകൾ യഥാസ്ഥാനത്തുവച്ച് സെറ്റു ചെയ്യാൻ അവയ്ക്കു സാധിച്ചില്ല. ഊട് എല്ലാം തട്ടിനിരത്തി ഒരു പരുവത്തിലാക്കിയി രുന്നു.

കഥ എന്തായാലും "പോയ ബുദ്ധി ആന പിടിച്ചാലും തിരിച്ചു വരില്ല" എന്ന പഴഞ്ചൊല്ല് അടിവരയിടാൻ പോന്നതായിരുന്നു സംഭവം. സ്വന്തം അനുഭവത്തിലൂടെ പുലിവാൽ പിടി ക്കുക' എന്ന പ്രയോഗവും ആനയ്ക്കു മനസ്സി ലായി.

അങ്ങനെ കൊമ്പൻ പലപ്രാവശ്യം കൈയൊഴിയാൻ നോക്കിയിട്ടും റോളർ വിട്ടു കൊടുത്തില്ല. അത് സാക്ഷാൽ മാരണമായി മാറിക്കഴിഞ്ഞു. അല്പസമയം നിശ്ചലമായിരി ക്കുന്ന രംഗം ആന ഒന്നു പിടി അയയ്ക്കാൻ ശ്രമിക്കുമ്പോൾ മാറിമറിയുന്നു. റോളർ ഇളകു കയും ഉരുളുമെന്ന ഭീഷണി മുഴക്കുകയും ചെയ്യുമ്പോൾ കൊമ്പന് എന്തു ചെയ്യാനാകും. കടൽകിഴവനെ ചുമക്കേണ്ടിവന്ന സിൻബാദി നെപ്പോലെ ആനയ്ക്കു റോളറിനെ എടുക്കേ ണ്ടിവന്നു എന്നതാണ് സത്യം. വേലിയിൽ ഇരുന്നതിനെ എടുത്ത് തോളത്തുവച്ചതു പോലെ.

ചുരുക്കത്തിൽ രാത്രിമുഴുവനും കൊമ്പ നും റോളറുമായി നടത്തിയ അഭ്യാസത്തിന്റെ തനി ആവർത്തനമായിരുന്നു. ആദ്യമൊക്കെ സഹായികൾ (മറ്റ് ആനകൾ) കൂടെ നിന്നെ ങ്കിലും അവസാനം അവർ ഓരോരുത്തരായി കൊമ്പനെ കൈയ്യൊഴിയുകയായിരുന്നു.

ഒടുവിൽ രണ്ടു കൊമ്പുകളും തുമ്പി ക്കൈയും ചേർത്ത് കയറ്റത്തേക്ക് റോളർ തള്ളി നിർത്തുന്ന കൊമ്പന്, പിടി അയയ്ക്കുമ്പോൾ ഉരുളാൻ തുടങ്ങുന്ന റോളർ, ഡെമോക്ലീസിന്റെ മുകളിലെ ഖഡ്ഗം (വാൾമുന) പോലെ പേടി സ്വപ്നമായി. സന്ധിയില്ലാ സംഭാഷണങ്ങളും സംഭാഷണമില്ലാ സന്ധികളും എല്ലാം ചേർന്ന് പാവം കൊമ്പനെ ശാരീരികമായും മാനസി കമായും തളർത്തിക്കളഞ്ഞു.

ഊർജ്ജം മുഴുവൻ ചോർന്ന കൊമ്പൻ അവശനായി അപ്പിയിട്ടു പോയി, ഒന്നല്ല ഒരായിരം പ്രാവശ്യം. അവസാനം അവസാനം ഇട്ട ആനപ്പിണ്ടങ്ങൾ കൊമ്പന്റെ അവശത മുഴുവൻ പ്രതിഫലിപ്പിക്കാൻ പോന്നവയായി രുന്നു. ഖരവും ദ്രവവുമല്ലാത്ത പ്രസ്തുത ആനപിണ്ടത്തിന്റെ ഗുണനിലവാരം അത് വിളിച്ചു പറയുവാൻ തീർത്തു പര്യാപ്ത മായിരുന്നു! പകുതിപോലും ദഹിക്കാത്ത ഭക്ഷണസാധനങ്ങൾ മുതൽ ഒട്ടും ദഹിക്കാ ത്തതുവരെയായിരുന്നു അതിന്റെ ഉള്ളടക്കം.

രാവിലെ തൊഴിലാളികൾ കണ്ട ആന ശൗര്യവും ചുറുചുറുക്കും കൈമോശം വന്ന ക്ലീബനെപ്പോലെയായിരുന്നു. കാരണം ചില

സിനിമകളിൽ ഇന്നസെന്റും, കൊച്ചിൻ ഹനീഫയുമൊക്കെ ഏത്തമിടുന്ന മാതിരി കൊമ്പൻ ഒരു നൂറാവർത്തി റോളറിലെ പിടി വിടുകയും വീണ്ടും ബലംപിടിച്ച് അതുന്തി ബാലൻസ് ചെയ്യുകയും ചെയ്തുകാണും. അതായത് നൂറുപ്രാവശ്യം ഇമ്പോസിഷൻ എഴുതിയ കുട്ടിയെപ്പോലെ ഈ ''റോളർ ബാലൻസിംഗ്'' കൊമ്പൻ നൂറു പ്രാവശ്യമെങ്കിലും ചെയ്തു കാണും. ഒടുവിൽ നഞ്ചു തിന്ന കാക്കയെപ്പോലെയോ, ഇഞ്ചി തിന്ന കുരങ്ങനെപ്പോലെയോ ആയിരിക്കുന്നു.

ആദ്യമൊക്കെ അറച്ചുനിന്ന തൊഴിലാളികൾ നിരുപാധികം അകപ്പെട്ടുപോയ കൊമ്പനെ രക്ഷിക്കാനുള്ള ശ്രമമായി. സ്വയം പണയപ്പെട്ടുപോയ കൊമ്പനോട് ഏവർക്കും സഹതാപ തരംഗമായിരുന്നു.

എല്ലാവരും കൂടി ഒത്തൊരുമിച്ച് വടവും മറ്റും ഉപയോഗിച്ച് റോളർ കയറ്റത്തേക്കു വലിച്ചുനിർത്തി കൊമ്പന്റെ താങ്ങിന് ഒരു ആശ്വാസം കൊടുത്തു. പല പ്രാവശ്യം ശ്രമിച്ചിട്ടും റോളർ തിരികെ വരാതെ അതിന്മേലുള്ള പിടിവിടാൻ സാധിക്കാതിരുന്ന കൊമ്പന് ഇക്കുറി അതു സാധിച്ചു.

ഹാവൂ.. കൊമ്പൻ ജീവനുംകൊണ്ട് ഒരോട്ടം, കാട്ടിലേക്ക് പോകുമ്പോൾ ഉച്ചത്തിൽ ചിന്നംവിളിച്ചു. അത് ഒരു ത്രീ-ഇൻ-വൺ/ ഫൈവ്-ഇൻവൺ, സന്ദേശമാണെന്ന് എല്ലാവരും തിരിച്ചറിഞ്ഞു, അതിലൂടെ. രക്ഷപ്പെട്ടതിലുള്ള ആശ്വാസം, സന്തോഷം, ഭയാശങ്കകൾക്കുള്ള വിരാമം, രക്ഷപ്പെടുത്തിയവർക്കുള്ള നന്ദി, സർവ്വോപരി ദൈവത്തിനു നന്ദി എന്നീ വികാര വിചാരങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ ചിന്നംവിളിയിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിരുന്നത് എല്ലാവരും തിരിച്ചറിഞ്ഞു. പക്ഷേ, അത് പോയ വഴിയെ ഇനിയും പുല്ലുമുളച്ചിട്ടില്ല എന്നത് കേവലം ചരിത്രം മാത്രം. ??



**Er Venugopal**
Chief Engineer (Rtd.)



**Er P Sukumara Pillai**
Engineer, KSEBL (Rtd.)



**Er P.A. Naryana Swami**
Deputy Chief Engineer (Rtd.)



**Er A.K. Joseph**
Engineer, KSEBL (Rtd.)

*"Condolences & prayers for the departed souls."*



**ഗാനമാധുരി - 09**

# ശ്രീബുദ്ധൻ - ദർശനവും കരുണയും കാരുണ്യത്തിന്റെ സംഗീതവും

*Er പി.വി. പ്രമോദ്*
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

മനുഷ്യരാശിയുടെ ദർശനങ്ങളിലും തത്വ ചിന്തയിലും ഗണ്യമായസ്വാധീനം ചെലുത്തിയ മഹാനായിരുന്നു ശ്രീബുദ്ധൻ. മഹത്തായ ദർശനങ്ങൾ ഉൾക്കൊണ്ട ബുദ്ധമതം ക്രി.മു. ആറാം നൂറ്റാണ്ടിൽ ഭാരതത്തിൽ ഉദയം ചെയ്ത് പിൽക്കാലത്ത് പല ലോകരാജ്യങ്ങളിലേക്കും പ്രചരിച്ചു. മനുഷ്യന്റെ സാൻമാർഗ്ഗിക തത്വങ്ങൾക്ക് പ്രാമുഖ്യം നൽകിയ ബുദ്ധമത ദർശനം മനുഷ്യന്റെ മാനസിക വികാസത്തിനും ചിന്താശക്തിക്കും പ്രചോദനം നൽകുന്നു. ലോകത്തിന് ഭാരതം സംഭാവന നൽകിയ മഹാൻമാരിൽ പ്രഥമഗണനീയനാണ് ശ്രീബുദ്ധൻ. മൈക്കിൾ എച്ച് ഹാർട്ടിന്റെ 'ലോകത്തെ സ്വാധീനിച്ച 100 വ്യക്തികൾ' എന്ന പുസ്തകത്തിൽ ബുദ്ധനെ നാലാം സ്ഥാനത്താണ് പരിഗണിച്ചിട്ടുള്ളത്.

**പ്രാചീന ഉത്തരഭാരതം**

പുരാതന ഉത്തര ഭാരതത്തിൽ 16മഹാജനപദങ്ങൾ (രാജ്യങ്ങൾ) ഉണ്ടായിരുന്നു - കോസലം, മഗധ, അംഗം, കാശി, വജ്ജി, മല്ല, ചേദി, വത്സ, കുരു, പാഞ്ചാല, മത്സ്യ, സുരസേന, അശ്മക, അവന്തി, ഗാന്ധാരം, കാംബോജം എന്നിവ. ഇതിൽ കോസലവും മഗധയുമാണ് ബുദ്ധന്റെ ജീവിതവുമായി ബന്ധപ്പെട്ട പ്രധാന സ്ഥലങ്ങൾ. കോസലത്തിന്റെ തലസ്ഥാനമായിരുന്നു ശ്രാവസ്തി. വാരാണസിയും അതിനടുത്തുള്ള ഇസിപത്തിനവും (സാരാനാഥ്) കോസലത്തിൽ പെട്ടിരുന്നു. മഗധയുടെ തലസ്ഥാനം ആദ്യകാലത്ത് രാജഗൃഹവും പിൽക്കാലത്ത് പാടലീപുത്രവും (പാറ്റ്ന) ആയിരുന്നു. പാറ്റ്നക്ക് അടുത്താണ് ഗയ, ഉരുവേലം, നളന്ദ, രാജഗിർ എന്നീ സ്ഥലങ്ങൾ. ഉരുവേലയുടെ ഇന്നത്തെ പേരാണ് ബുദ്ധഗയ. കുശിനഗരം അഥവാ കുശിനാര ഉത്തരപ്രദേശിലെ ഗോരഖ്പുരിന് സമീപമാണ്. അംഗം ഇന്നത്തെ ഗേൽപൂർ, മോൺഗീർ ജില്ലകൾ ചേർന്ന പ്രദേശമായിരുന്നു. വത്സരാജ്യത്തിന്റെ തലസ്ഥാനം അലഹബാദിന് സമീപമുള്ള കോസാംബി ആയിരുന്നു.

രാജാക്കൻമാർ ഭരിച്ച ജനപദങ്ങൾക്കു കീഴെ ഗോത്ര നേതാക്കൾ ഭരിച്ചിരുന്ന നാട്ടുരാജ്യങ്ങൾ (ഗണങ്ങൾ) ഉണ്ടായിരുന്നു. ലിച്ഛാവികളുടെ വൈശാലി, വിദേഹരുടെ മിഥില, കോളിയരുടെ രാമഗം, ബുലികളുടെ അല്ലാകാപ, മല്ലരുടെ കുശിനാരയും പാവയും, കലിംഗരുടെ രസപുട്ട, മൗര്യരുടെ പിപ്പൽവാന്ന, ശാക്യരുടെ കപിലവസ്തു എന്നിവയായിരുന്നു പ്രധാന ഗണങ്ങൾ. ലിച്ഛാവികളും മല്ലരും മഗധയുടെ കീഴിലായിരുന്നു. കോസലരാജ്യത്തിനു കീഴിലായിരുന്നു കപിലവസ്തു എന്ന നാട്ടുരാജ്യം. ഈ ദേശം ഭരിച്ച ശാക്യവംശജനായ ശുദ്ധോദന രാജാവിന്റെ പുത്രനായി ജനിച്ച സിദ്ധാർഥനാണ് പിൽ

ക്കാലത്ത് ബുദ്ധൻ എന്ന പേരിൽ ലോകത്തിനു വെളിച്ചം പകർന്ന മഹാനായത്.

**വംശചരിത്രം**

കോസലരാജ്യത്തിൽപെട്ട നാട്ടുരാജ്യങ്ങളായിരുന്നു കപിലവസ്തുവും ദേവദഹയും. ഒരു കാലഘട്ടത്തിൽ കപിലവസ്തു ശാക്യഗോത്രത്തിലെ ജയസേനനും ദേവദഹ കോളിയ ഗോത്രത്തിലെ ദേവദത്തനുമായിരുന്നു ഭരിച്ചത്. ജയസേനന്റെ പുത്രൻ സീഹഹനു ദേവദത്തന്റെ പുത്രി കച്ചാനയെയും ദേവദത്തന്റെ പുത്രൻ അഞ്ജനൻ ജയസേനന്റെ പുത്രി യശോധരയെയും വിവാഹം കഴിച്ചു.

സീഹഹനുവിന് ഏഴു മക്കൾ - ശുദ്ധോദനൻ, ധോതോദനൻ, ശാക്കോദനൻ, ശുക്കോദനൻ, അമിതോദനൻ, അമിത, പമിത.

അഞ്ജനന് നാലു മക്കൾ-സുപ്പബുദ്ധൻ, ദണ്ഡപാണി, മായാദേവി, പ്രജാപതി .

ശുദ്ധോദനൻ ആദ്യം മായാദേവിയെ വിവാഹം കഴിച്ചു. മായാദേവിയിൽ പിറന്ന മകനാണ് സിദ്ധാർഥൻ. ശുദ്ധോദനന്റെ രണ്ടാം ഭാര്യയായിരുന്നു മായാദേവിയുടെ അനുജത്തിയായ പ്രജാപതി. പ്രജാപതിയിൽ പിറന്ന മക്കളാണ് നന്ദൻ, നന്ദ എന്നിവർ. ശുക്കോദനന്റെ മകൻ ആനന്ദൻ. അമിതോദനന്റെ മക്കൾ മഹാനാമനും അനുരുദ്ധനും.

സുപ്പബുദ്ധൻ പമിതയെ വിവാഹം ചെയ്തു. ഇവരുടെ രണ്ടുമക്കൾ-യശോധര Jr., ദേവദത്തൻ Jr.

സിദ്ധാർഥൻ യശോധര Jr. നെ വിവാഹം കഴിച്ചു. മകൻ രാഹുലൻ.

സിദ്ധാർഥന്റെ അർദ്ധ സഹോദരരാണ് നന്ദനും നന്ദയും. പത്നി യശോധര ഒരേ സമയം അമ്മാവന്റെ മകളും പിതൃ സഹോദരിയുടെ മകളുമാണ്. ദേവദത്തനും ആനന്ദനും സിദ്ധാർഥന്റെ മച്ചുനൻമാരാണ് (Cousins). സ്യാലൻ (Brother-in-law) കൂടിയാണ് ദേവദത്തൻ.

**ബാല്യം, കൗമാരം, യൗവനം**

ശുദ്ധോദനനും രാജ്ഞിയായ മായാദേവിക്കും ക്രി.മു. 563 ലാണ് ഒരു ആൺകുഞ്ഞു പിറന്നത്. കുഞ്ഞിന് സിദ്ധാർഥൻ എന്ന് പേരിട്ടു. ഒരു വൈശാഖ പൗർണ്ണമി നാളിലായിരുന്നു സിദ്ധാർഥന്റെ ജനനം. മഗധ സാമ്രാജ്യത്തിന്റെ (ക്രി.മു. 546-324) ആരംഭ കാലത്തായിരുന്നു ഇത്. പ്രസവമടുത്തപ്പോൾ മായാദേവിക്ക് ദേവഗഹയിലെ തന്റെ പിതാവിന്റെ ഗൃഹത്തിലേക്ക് പോകണമെന്ന ആഗ്രഹമുണ്ടായി. കപിലവസ്തുവിൽ നിന്നും ദേവഗഹക്ക് പല്ലക്കിൽ സഞ്ചരിക്കവെ നേപ്പാൾ അതിർത്തിയിലെ ലുംബിനി പൂങ്കാവനത്തിൽ വച്ച് മായാദേവിക്ക് പേറ്റുനോവുണ്ടായി. തുടർന്ന് അവിടെ ഒരു സാലമരച്ചുവട്ടിൽ സിദ്ധാർഥന് ജൻമം നൽകുകയായിരുന്നു. പ്രസവത്തിനു ശേഷം മായാദേവി ദേവഗഹയിലേക്ക് പോകാതെ കപില വസ്തുവിലേക്ക് മടങ്ങി. അഞ്ചാം നാൾ ശുദ്ധോദനൻ കുഞ്ഞിന് സിദ്ധാർഥൻ എന്ന് പേരിട്ടു. ഏഴാം നാൾ മായാദേവി മരണമടഞ്ഞു. തുടർന്ന് അവരുടെ സഹോദരിയും പിന്നീട് ശുദ്ധോദനന്റെ രണ്ടാം പത്നിയുമായ പ്രജാപതി ഗൗതമിയുടെ സംരക്ഷണയിലാണ് സിദ്ധാർഥൻ വളർന്നത്.

'ഗോതമ' എന്നായിരുന്നു സിദ്ധാർഥന്റെ കുടുംബ നാമം. അതിനാൽ ഗൗതമ സിദ്ധാർഥൻ എന്നാണ് വിളിച്ചുപോന്നത്. ശാക്യവംശത്തിൽ പിറന്നതിനാൽ ശാക്യമുനി എന്നും പേരുണ്ട്.

ഒരിക്കൽ രാജകൊട്ടാരത്തിൽ സന്ദർശനത്തിന് എത്തിയ അസിജമഹർഷി ശിശുവായ സിദ്ധാർഥനെ കണ്ടപ്പോൾ കുഞ്ഞിന് സമസ്ത

ലോകത്തിനും മാർഗ്ഗദർശനം നൽകാനുള്ള ലക്ഷണങ്ങളുള്ളതായി പ്രവചിച്ചുവത്രെ. മകൻ സന്യാസിയാകുമെന്ന് ഭയന്ന ശുദ്ധോദനൻ മകനെ ദുഃഖങ്ങൾ അറിയിക്കാതെയും കൊട്ടാരത്തിനു വെളിയിൽ വിടാതെയു മായിരുന്നു വളർത്തിയത്. എന്നാൽ സിദ്ധാർഥ നാകട്ടെ ഒരു സാധാരണ രാജകുമാരനിൽ നിന്നും വ്യത്യസ്തനായി ജീവജാലങ്ങളോട് വളരെയധികം കാരുണ്യമുള്ളവനായിരുന്നു. ഒരിക്കൽ അമ്മാവന്റെ മകനായ ദേവദത്തൻ അമ്പെയ്തു വീഴ്ത്തിയ അരയന്നത്തെ സിദ്ധാർ ഥൻ രക്ഷിക്കാൻ കയ്യിലെടുത്തു. അരയന്നം തന്റേതാണെന്ന് പറഞ്ഞ് അതിനെ നൽകാൻ ആവശ്യപ്പെട്ട ദേവദത്തനോട് ശിക്ഷകനല്ല രക്ഷകനാണ് ഉടമസ്ഥാവ കാശിയെന്ന വാദത്തിലൂടെ വിട്ടുകൊടു ക്കാതിരുന്ന സംഭവം പ്രശസ്തമാണ്.

രാജകൊട്ടാരത്തിൽ ഒരു രാജകുമാരന് വേണ്ട സുഖ സൗകര്യങ്ങൾ അനുഭവിച്ചും എഴുത്തും ആയോധനവും കുതിര സവാരിയും അടക്കമുള്ള വിദ്യകൾ അഭ്യസിച്ചുമാണ് സിദ്ധാർഥൻ വളർന്നത്. പതിനെട്ടാമത്തെ വയസ്സിൽ അമ്മാവന്റെ മകളായ യശോധര രാജകുമാരിയെ വിവാഹം ചെയ്തു. കുറച്ചു വർഷങ്ങൾ കഴിഞ്ഞ് ദമ്പതികൾക്ക് ഒരു പുത്രൻ ജനിച്ചു. അവന് രാഹുലൻ എന്ന് പേരിട്ടു.

**അസ്വസ്ഥ മനസ്സ്**

കൊട്ടാരത്തിൽ പത്നിക്കും മകനുമൊപ്പം കഴിയവേ സിദ്ധാർഥന് കൊട്ടാരത്തിന് വെളിയിലുള്ള നഗരം കാണാൻ ആഗ്രഹമു ണ്ടായി.മകന് അശുഭകരമായ കാഴ്ചകൾ അസ്വസ്ഥത ഉണ്ടാക്കുമെന്ന ആശങ്കയിൽ ശുദ്ധോദന രാജാവ് നഗരത്തിലെ രോഗികൾ, വൃദ്ധർ, വികലാംഗർ എന്നിവരെ നഗരത്തിൽ നിന്ന് മാറ്റിപ്പാർപ്പിച്ചു. എന്നാൽ അശ്വരഥത്തി ലേറി നഗര വീഥിയിൽ സഞ്ചരിച്ച സിദ്ധാർ ഥന്റെ മുമ്പിൽ അപ്രതീക്ഷിതമായി മെല്ലിച്ചു ചടച്ച് എല്ലും തോലുമായ ഒരു വൃദ്ധൻ പ്രത്യ ക്ഷപ്പെട്ടു. എല്ലാവരും വാർദ്ധക്യത്തിലെത്തു മെന്ന സത്യം മനസ്സിലാക്കിയ സിദ്ധാർഥൻ ഉടൻ തിരിച്ച് കൊട്ടാരത്തിലേക്ക് പോയി ഇതേപ്പറ്റി ചിന്താമഗ്നനായി.

വീണ്ടും പുറത്തിറങ്ങിയപ്പോൾ സിദ്ധാർ ഥന്റെ ദൃഷ്ടിയിൽപ്പെട്ടത് ആദ്യം ഒരു രോഗിയും പിന്നെ ഒരു ശവശരീരവുമായിരുന്നു. സർവ്വ ചരാചരങ്ങളെയും ബാധിക്കുന്ന സത്യമാണ് രോഗവും മരണവും എന്ന് മനസ്സിലാക്കിയ സിദ്ധാർഥന്റെ മനസ്സ് ജീവിതത്തിലെ ദുഃഖങ്ങ ളെപ്പറ്റി ആലോചിച്ച് വീണ്ടും അസ്വസ്ഥമായി.

**മഹാപരിത്യാഗം**

ഒരു ദിവസം ആരുമറിയാതെ ഏകനായി കൊട്ടാരത്തിനു പുറത്തിറങ്ങിയ സിദ്ധാർഥൻ വഴിയിൽ ഒരു സന്യാസിയെ കണ്ടുമുട്ടി. ആരെങ്കിലും നൽകുന്ന ഭക്ഷണം കഴിച്ച് ആരോടും കടപ്പാടില്ലാതെ ആത്മശാന്തി തേടി ലോകരുടെ നന്മ ലക്ഷ്യമാക്കി ഏകാന്തനായി നടക്കുന്ന സന്യാസിയുടെ ജീവിതം സിദ്ധാർ ഥന്റെ മനസ്സിൽ വലിയ ഒരു ചലനമാണ് സൃഷ്ടിച്ചത്. ആസക്തിയിൽ മുഴുകിയ മനസ്സിന് സത്യത്തെ കണ്ടെത്താൻ സാധ്യമല്ലെന്നും സന്യാസികൾക്കു മാത്രമേ മോക്ഷപ്രാപ്തി കൈവരിക്കാൻ കഴിയുകയുള്ളു എന്ന ശക്ത മായ ചിന്ത അദ്ദേഹത്തിന്റെ മനസ്സിൽ വേരൂന്നി.

ഒരു ദിവസം അർദ്ധരാത്രിയിൽ ഉറങ്ങി ക്കിടന്ന പത്നി യശോധരയെയും ഒരു വയസ്സു മാത്രം പ്രായമുള്ള പുത്രൻ രാഹുലിനെയും ഉപേക്ഷിച്ച് സിദ്ധാർഥൻ ആരുമറിയാതെ കൊട്ടാരം വിട്ടിറങ്ങി. ഛന്ദൻ എന്ന സാരഥി ക്കൊപ്പം കാന്തകൻ എന്ന പേരുള്ള തന്റെ

കുതിരയുടെ പുറത്ത് കയറി സിദ്ധാർഥൻ കപിലവസ്തുവിനോട് വിട പറഞ്ഞു. ഒരു മുനി വാടത്തിനു മുമ്പിൽ യാത്ര നിർത്തിയ ശേഷം വിലപിടിച്ച സ്വന്തം ആഭരണങ്ങൾ അഴിച്ച് ഉത്തരീയത്തിൽ പൊതിഞ്ഞു. ഉടവാളു കൊണ്ട് സ്വയം മുടി മുറിച്ചു കളഞ്ഞ ശേഷം സ്വർണ്ണാഭരണങ്ങളും വാളും കുതിരക്കാരനായ ഛന്ദനെ ഏൽപ്പിച്ച് അവനെയും കുതിരയെയും തിരിച്ചയച്ചു. തന്റെ രാജകീയ വസ്ത്രങ്ങൾ ഒരു കാട്ടുജാതിക്കാരന് നൽകി പകരം മുഷിഞ്ഞ കാഷായ വസ്ത്രങ്ങൾ വാങ്ങി ധരിച്ച് സിദ്ധാർഥൻ വനത്തിലേക്ക് പോയി.

കൊട്ടാരത്തിലെ ആഡംബര സൗകര്യങ്ങളും ലൗകിക സുഖഭോഗങ്ങളും ഉപേക്ഷിച്ചു കൊണ്ട് പുറത്തിറങ്ങിയ സിദ്ധാർഥന്റെ ത്യാഗപൂർണമായ പ്രവൃത്തി 'മഹാപരിത്യാഗം' എന്ന പേരിലാണ് അറിയപ്പെടുന്നത്. അപ്പോൾ സിദ്ധാർഥന് പ്രായം 29 വയസ്സ് .

**സത്യാന്വേഷണം**

മോക്ഷമാർഗ്ഗം തേടി കൊട്ടാരം വിട്ടിറങ്ങിയ സിദ്ധാർഥൻ ആദ്യം കപില വസ്തുവിൽ തന്നെയുള്ള ഭരദ്വാജ മഹർഷിയുടെ ആശ്രമത്തിലും പിന്നീട് ഭാർഗവ മുനിയുടെ ആശ്രമത്തിലും എത്തി. തുടർന്ന് അളാരകലാമ മഹർഷിയുടെ ആശ്രമത്തിലെത്തി അദ്ദേഹത്തിന്റെ ശിഷ്യനായി. അവടെ നിന്നും ഉദ്ദക രാമപുത്തൻ എന്ന ഗുരുവിന്റെ ആശ്രമത്തിലെത്തി ശിഷ്യനായി അവിടെ കഴിഞ്ഞു. എന്നാൽ മോക്ഷം ലഭിക്കാനുള്ള ഗുരുവിന്റെ തത്വങ്ങളോടും മാർഗ്ഗങ്ങളോടും യോജിക്കാൻ കഴിയാതെ കുറച്ചു നാളുകൾക്കു ശേഷം ആശ്രമം വിട്ടു.

മഗധയിലെ ശ്രമണരുടെ തത്വജ്ഞാനം നേടാനുള്ള ഉദ്യമത്തിൽ സിദ്ധാർഥൻ ഗയൻ എന്ന രാജർഷിയുടെ നഗരി എന്ന ആശ്രമത്തിലെത്തി. അവിടെ വച്ച് അഞ്ച് യുവസന്യാസിമാരെ സിദ്ധാർഥന് കൂട്ടുകാരായി കിട്ടി .

**ജീവകാരുണ്യം**

മഗധയുടെ തലസ്ഥാനമായ രാജഗൃഹം നഗരത്തിന് സമീപമുള്ള ഒരു പർവ്വതത്തിൽ കുറച്ചു നാളുകൾ ധ്യാനനിരതനായി കഴിഞ്ഞു. തുടർന്ന് നഗരത്തിൽ ഭിക്ഷക്കിറങ്ങിയ സിദ്ധാർഥൻ ഒരിക്കൽ രാജകൊട്ടാരത്തിലും എത്തി. തേജസ്സുറ്റ മുഖവും ആകർഷകമായ പെരുമാറ്റവുമുള്ള യുവസന്യാസിയോട് ചക്രവർത്തിയായ ബിംബിസാരന് മതിപ്പ് തോന്നുകയും അദ്ദേഹവുമായി അടുക്കുകയും ചെയ്തു.

ഇക്കാലത്ത് ജീവജാലങ്ങളോട് സിദ്ധാർഥൻ കാണിച്ച അനുകമ്പയും ശ്രദ്ധിക്കപ്പെട്ടു. ഒരിക്കൽ യാഗത്തിൽ ബലിയർപ്പിക്കാനുള്ള ആട്ടിൻപറ്റത്തോടൊപ്പം യാഗശാലയിലെത്തിയ സിദ്ധാർഥൻ ജന്തുബലിയുടെയും ഹിംസയുടെയും അർഥശൂന്യതയെപ്പറ്റി പറഞ്ഞ് രാജാവിന്റെയും ജനങ്ങളുടെയും മനംമാറ്റി മിണ്ടാപ്രാണികളായ ആടുകളുടെ ജീവൻ രക്ഷിച്ചു.

**തപസ്സ്**

സനാതന സത്യം തേടി സിദ്ധാർഥൻ മഗധയ്ക്കടുത്ത് ഉരുവേലം (ഇന്നത്തെ ബുദ്ധഗയ) എന്ന സ്ഥലത്ത് ഏഴു വർഷം തപസ്സനുഷ്ഠിച്ചു. കൂടെ ആശ്രമത്തിൽ നിന്ന് പരിചയപ്പെട്ട അഞ്ച് കൂട്ടുകാരുമുണ്ടായിരുന്നു. കഴിക്കുന്ന ഭക്ഷണത്തിന്റെ അളവ് വളരെ കുറച്ചതിനാൽ ശരീരം ശോഷിച്ച് ചിലപ്പോൾ മോഹാലസ്യപ്പെടുന്ന അവസ്ഥയുണ്ടായി. ഭക്ഷണമില്ലാതെ സ്വയം പീഡിപ്പിക്കുന്നതിന്റെ നിരർഥകത സിദ്ധാർഥന് ബോധ്യമായി. തുടർന്ന് സിദ്ധാർഥൻ ജാതിഭേദമില്ലാതെ സാധാരണക്കാരുമായി അടുക്കുകയും മറ്റു

സന്യാസിമാരുടെ രീതികളിൽ നിന്നും വ്യത്യ സ്തമായി മറ്റുള്ളവർ പാകം ചെയ്ത ഭക്ഷണം കഴിക്കുന്നത് ശീലമാക്കുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് അഞ്ചു കൂട്ടു സന്യാസി മാരും സിദ്ധാർഥനെ വിട്ട് ഇസിപത്തിനം എന്ന സ്ഥലത്തേക്കു പോയി.

**ബോധോദയം**

ഒരു ദിവസം ഗയക്കു സമീപമുള്ള സേനാനി ഗ്രാമത്തിൽ നിരഞ്ജന നദീതീര ത്തെ ആൽച്ചുവട്ടിൽ സിദ്ധാത്ഥൻ ഇരിക്കു കയായിരുന്നു. പുത്രൻ ജനിച്ചതിലുള്ള നേർച്ചയായി പാൽച്ചോറ് വൃക്ഷദേവതക്ക് സമർപ്പിക്കാൻ ഗ്രാമത്തിലെ ഒരു കർഷകന്റെ പത്നിയായ സുജാത അവിടെയെത്തി. സിദ്ധാർഥൻ വൃക്ഷ ദേവതയാണെന്ന് ധരിച്ച സുജാത പാൽച്ചോറ് അദ്ദേഹത്തിന് നൽകി. അതു കഴിച്ച് സിദ്ധാർഥൻ ക്ഷീണം മാറ്റി.

അന്ന് സന്ധ്യയ്ക്ക് കുളിച്ച് വന്ന് സിദ്ധാർഥൻ ബോധിമരച്ചുവട്ടിൽ ധ്യാനനിര തനായി. ഈ സമയം ആയിരക്കണക്കിന് ജൻമങ്ങളിലെ സംഭവങ്ങൾ മനസ്സിലൂടെ കടന്നുപോയത്രെ. പിന്നെ മനസ്സിന് തെളിമ വന്നു. തുടർന്ന് നാല് ആര്യ സത്യങ്ങൾ മനസ്സിൽ തെളിഞ്ഞു. രാത്രി നാലാം യാമത്തിൽ അരഹതപദം കഴിഞ്ഞ് പരമോന്നത പദത്തി ലെത്തി. ഇതോടെ സിദ്ധാർഥന് ബോധോദയം (Enlightment) ലഭിച്ചു എന്നു പറയപ്പെടുന്നു. അന്ന് വൈശാഖ മാസത്തിലെ പൗർണമി ദിനമായിരുന്നു. അത് സിദ്ധാർഥന് 35 വയസ്സു തികഞ്ഞ ദിവസം കൂടിയായിരുന്നു.

ബോധോദയം ലഭിച്ചതോടെ സിദ്ധാർഥൻ 'ബുദ്ധൻ' എന്നറിയപ്പെട്ടു. ഉണർന്നവൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം. ഈ സംഭവത്തോടെ 'തഥാഗതൻ ' അഥവാ സത്യം നേടിയവൻ എന്നും അദ്ദേഹം വിശേഷിപ്പി ക്കപ്പെട്ടു.

**ധർമ്മചക്ര പ്രവർത്തനം**

ഉത്തർപ്രദേശിലെ കാശിക്കടുത്തുള്ള ഇസിപത്തിനത്തിൽ (സാരാനാഥ്) വച്ചാണ് ബുദ്ധൻ തന്റെ ആദ്യ ധർമ്മോപദേശ പ്രഭാഷണം ചെയ്തത്. കുറച്ചുകാലം മുമ്പ് തന്നോടൊപ്പം സന്യാസികളായി നടക്കുകയും താൻ മറ്റുള്ളവർ പാകം ചെയ്ത ഭക്ഷണം കഴിച്ചു തുടങ്ങിയപ്പോൾ അകന്നുപോകുകയും ചെയ്ത അഞ്ചു പേർക്കായിരുന്നു ബുദ്ധൻ താൻ നേടിയ പരമമായ ജ്ഞാനം ഉപദേശി ച്ചത്. തുടർന്ന് അവർക്ക് ആര്യസത്യങ്ങളും അഷ്ട മാർഗ്ഗങ്ങളും ഉപദേശിച്ചു.അങ്ങിനെ ഈ അഞ്ചു സന്യാസിമാരും ബുദ്ധശിഷ്യരായി മാറി. കൗണ്ഡിന്യൻ, കാശ്യപൻ, ഭദ്രികൻ, മഹാനാമൻ, അശ്വജിത് എന്നീ പേരുകളുള്ള ഇവർ പിൽക്കാലത്ത് പഞ്ചവർഗ്ഗീയ ഭിക്ഷുക്കൾ എന്നറിയപ്പെട്ടു. കൗണ്ഡിന്യൻ ആയിരുന്നു അവരിൽ പ്രധാനി.

'ധർമ്മചക്ര പ്രവർത്തനം' എന്നാണ് ബുദ്ധൻ തന്റെ ശിഷ്യരോട് സാരാനാഥിൽ വച്ചു നടത്തിയ ധർമ്മോപദേശം അറിയ പ്പെടുന്നത്.

**തത്വങ്ങളും ദർശനങ്ങളും**

ബുദ്ധദർശന പ്രകാരം പ്രപഞ്ചം ദുഃഖ മയവും ജീവിതം ദുഃഖങ്ങൾ നിറഞ്ഞതുമാണ്. ജനനം തന്നെ ദുഃഖമാണ്. വാർധക്യം, രോഗം, മരണം, അസ്വാസ്ഥ്യം എന്നിവയും ദുഃഖങ്ങൾ തന്നെയാണ്. ദീർഘകാലത്തെ ധ്യാനത്തിന് ശേഷമാണ് ദുഃഖകാരണം ബുദ്ധന് ഗ്രാഹ്യമായ തത്രെ.

ബുദ്ധതത്വചിന്തയുടെ പ്രധാന ഭാഗങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

**1. ചതുർസത്യങ്ങൾ**

ബുദ്ധ തത്വചിന്തയിലെ നാലു ആര്യ സത്യങ്ങളാണ് ചതുർസത്യങ്ങൾ എന്നറിയ പ്പെടുന്നത്.

1. ലോകം ദുഃഖമയമാണ്.
2 ദുഃഖകാരണം ആശകളാണ്,
3. ആശകൾ വെടിഞ്ഞാൽ ദുഃഖത്തെ മറികടക്കാം.
4. ആശകളെ നിവാരണം ചെയ്യാൻ അഷ്ടാംഗ മാർഗ്ഗങ്ങൾ അനുഷ്ഠിക്കണം.

**2. അഷ്ടാംഗമാർഗ്ഗങ്ങൾ**

ബുദ്ധ ദർശന പ്രകാരം ദുഃഖത്തിന്റെ നിവാരണത്തിനുള്ള എട്ട് ഉപാധികളാണ് അഷ്ടാംഗ മാർഗ്ഗങ്ങൾ.

1. **സമ്യക് ദൃഷ്ടി ( ശരിയായ വീക്ഷണം) –** മിഥ്യാധാരണകൾ അകറ്റി ശരിയായ ജ്ഞാനത്തിലൂടെ സത്യത്തെ കണ്ടെത്തുന്ന രീതി.
2. **സമ്യക് സങ്കൽപം (ശരിയായ തീരുമാനം)** –കാമലോഭങ്ങൾ, രാഗദ്വേഷങ്ങൾ എന്നിവയിൽ നിന്ന് മുക്തനായി ലോകരുടെ സൗഖ്യങ്ങളിൽ തൽപരമാകുന്ന അവസ്ഥ.
3. **സമ്യക് വാക്യം**

(ശരിയായ വാക്ക്) – ദുർവാക്കുകളുടെ പ്രയോഗം ഒഴിവാക്കി പ്രിയതരവും മിതവുമായ സത്യഭാഷണം.

4. **സമ്യക് കർമ്മം**

(ശരിയായ പ്രവൃത്തി) – തെറ്റായ കർമങ്ങളിൽ നിന്ന് മാറി ലോകർക്ക് മംഗളം വരുത്തുന്ന കർമ്മങ്ങൾ അനുഷ്ഠിക്കൽ.

5. **സമ്യക് ആജീവം**

(ശരിയായ ജീവിതം) സത്യസന്ധവും നിഷ്കപടവുമായ തൊഴിൽ ചെയ്ത് ഉപജീവനം നടത്തൽ.

6. **സമ്യക് വ്യായാമം**

(ശരിയായ ചിന്ത) – ദുർചിന്തകളെ ഒഴിവാക്കി ആത്മനിയന്ത്രണം വഴി സദ്ചിന്തകൾ മനസ്സിൽ വ്യാപരിക്കാനുള്ള പ്രയത്നം.

7. **സമ്യക് സ്മൃതി**

(ശരിയായ ഓർമ്മ)–ഇന്ദ്രിയവിഷയങ്ങൾ, അവയുടെ ബന്ധങ്ങൾ എന്നിവയെ മനസ്സിലാക്കി അവയെ ഒഴിവാക്കാനുള്ള ശ്രമം.

8. **സമ്യക് സമാധി**

(ശരിയായ ധ്യാനം)– ഏകാഗ്രതയിൽ മുഴുകിയുള്ള ധ്യാനത്തിലൂടെ മുക്തി നേടി സ്വതന്ത്രമാകുന്ന അവസ്ഥ.

**3. പഞ്ചശീലങ്ങൾ**

അഞ്ച് ശീലങ്ങൾ അനുഷ്ഠിക്കാനാണ് ബുദ്ധൻ അനുയായികളോട് ആവശ്യപ്പെട്ടത്. ഇവ പഞ്ചശീലങ്ങൾ എന്നറിയപ്പെട്ടു.

1. ആരെയും ഹിംസിക്കരുത്, കൊല്ലരുത്.
2. അന്യരുടെ സ്വത്ത് മോഹിക്കരുത്
3. കള്ളം പറയരുത്
4. ലഹരി ഉപയോഗിക്കരുത്
5. വ്യഭിചരിക്കരുത്
6. മധ്യമ മാർഗ്ഗം

ഉപാസകർ (സാധാരണ അനുയായികൾ) ലൗകിക ജീവിതം വെടിയേണ്ടതില്ല. എന്നാൽ ഭിക്ഷുക്കൾക്ക് അതു പാടില്ല.കാമലോഭങ്ങളിൽ പൂർണ്ണമായി മുഴുകുന്നവരാണ് ലൗകികർ. സന്യാസികളാകട്ടെ ഉപവാസങ്ങളിലൂടെയും മറ്റും സ്വയം പീഡിപ്പിച്ച് ക്ലേശിക്കുന്നവരും. അമിതമായ ആത്മഹർഷം , സ്വയം പീഡനം എന്നിവയുടെ ഇടയിലുള്ള മധ്യമ മാർഗ്ഗമാണ് യഥാർത്ഥ വഴിയായി ബുദ്ധൻ അനുയായികൾക്കും ശിഷ്യർക്കും നിർദ്ദേശിച്ചത്.

**5. ദൈവനിഷേധം**

ബുദ്ധദർശനങ്ങളിൽ ദൈവത്തെപ്പറ്റി

സൂചനകളില്ല. ദൈവത്തെ നേരിട്ടു കണ്ടുവെന്ന് അവകാശപ്പെട്ട ചില ദാർശനികരെ ബുദ്ധൻ തള്ളിപ്പറഞ്ഞിരുന്നു.ദൈവത്തെപ്പറ്റി ചിന്തിക്കുകയോ പഠിപ്പിക്കുകയോ ചെയ്യാത്ത ഏക മത സ്ഥാപകൻ ഗൗതമ ബുദ്ധൻ മാത്രമാണ്. പഞ്ചേന്ദ്രിയങ്ങൾക്ക് വിഷയീഭവിക്കാത്ത യാതൊന്നും മനസ്സിലാക്കുവാൻ മനുഷ്യന് സാധ്യമല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിരീക്ഷണം. വളരെ സമയം ധ്യാനിച്ചിരുന്നുവെങ്കിലും ഒരിക്കലും ബുദ്ധൻ പ്രാർഥിച്ചിരുന്നില്ല.

അതിനാൽ ബുദ്ധൻ നാസ്തികനായിരുന്നു എന്നും വാദമുണ്ട്.

**6. അനാത്മ വാദം**

ആത്മാവ് എന്ന സങ്കൽപത്തെയും ബുദ്ധൻ നിരാകരിച്ചു. ആത്മാവ് അനശ്വരമാണെന്നും ഒരു ശരീരം നശിക്കുമ്പോൾ അത് മറ്റൊന്നിൽ പ്രവേശിക്കുമെന്ന വാദത്തെ ബുദ്ധൻ അംഗീകരിച്ചില്ല. നിത്യമായ ആത്മാവ് എന്ന സങ്കൽപം നിഷേധിക്കുന്നുവെങ്കിലും ജീവിതത്തെ രൂപവൽക്കരിക്കുന്ന തുടർച്ചയായ അവസ്ഥകളെ അംഗീകരിക്കുന്നുണ്ട്. ബുദ്ധൻ അർഥമാക്കുന്നത് കഴിഞ്ഞ ജൻമവും ഈ ജൻമവും തമ്മിലുള്ള ഇടമുറിയാത്ത ബോധാവസ്ഥയുടെ ഒരു പ്രവാഹമായിട്ടാണ്.

**7. ക്ഷണികവാദം**

പ്രപഞ്ചവസ്തുക്കളുടെ അസ്ഥിരതയെപ്പറ്റിയുള്ള ബുദ്ധന്റെ കാഴ്ചപ്പാടാണ് ക്ഷണികവാദം. എല്ലാ വസ്തുക്കളും ആപേക്ഷികമാണ്. ഓരോ നിമിഷവും മാറിക്കൊണ്ടിരിക്കുന്ന വസ്തുക്കൾ മാറ്റത്തിനും നാശത്തിനും വിധേയവുമാണ്.

**8. പ്രതിത്യ സമുൽപാദം**

പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന സ്വാഭാവിക സാർവത്രിക കാര്യ-കാരണ നിയമമാണ് പ്രതിത്യ സമുൽപാദം. ഇതനുസരിച്ച് പ്രപഞ്ചത്തിലെ എല്ലാം അവയുടെ കാരണത്തെ അടിസ്ഥാനമാക്കി ഉള്ളതാണ്. പ്രതിത്യ സമുൽപാദത്തെ അവലംബിച്ചാണ് ബുദ്ധൻ 12 കാരണചക്രങ്ങൾ ക്രമീകരിച്ചത്.

**9. പന്ത്രണ്ട് കാരണചക്രങ്ങൾ**

ജനനം മുതൽ മരണം വരെയുള്ള മനുഷ്യജീവിതത്തെ ബുദ്ധൻ 12 കണ്ണികളായിട്ടാണ് കാണുന്നത്. ഇവയാണ് 12 ഭാവ ചക്രങ്ങൾ അഥവാ കാരണചക്രങ്ങൾ.

1. അവിദ്യ(അജ്ഞത)
2. സംസ്കാര (പൂർവജന്മത്തിലെ കർമശക്തി)
3. വിജ്ഞാന (ഭ്രൂണത്തിന് ലഭിക്കുന്ന അന്തർബോധം)
4. നാമരൂപ (മാനസിക-ശാരീരിക പ്രവർത്തനങ്ങൾ)
5. സദായതന (മനസ് ഉൾപ്പെട്ട ഇന്ദ്രിയങ്ങൾ)
6. സ്പർശ(വസ്തുവും ഇന്ദ്രിയവും തമ്മിലുള്ള ബന്ധം)
7. വേദന (ഇന്ദ്രിയാനുഭവം)
8. തൃഷ്ണ (ഇന്ദ്രിയാനുഭൂതിയോടുള്ള ത്വര)
9. ഉപാദാന (അനുഭൂതി നേടാനുള്ള ആഗ്രഹം)
10. ഭാവ (ജനിക്കാനുള്ള ആഗ്രഹം)
11. ജാതി (ജനനമോ പുനർജൻമമോ)
12. ജര മരണ ( വാർദ്ധക്യവും മരണവും)

10. കർമസിദ്ധാന്തം

മനുഷ്യന്റെ നന്മയോ തിന്മയോ ആയ പ്രവർത്തനങ്ങൾക്ക് കർമ്മവൃത്തത്തിന്റെ ഫലം അനുഭവിക്കേണ്ടിവരും. എന്നാൽ ജീവിതാനുഭവങ്ങളെ ശരിയായി മനസ്സിലാക്കുന്നതു

വഴി മനുഷ്യന്റെ സാഹചര്യങ്ങളെ അതിജീവിക്കാം. കർമ്മത്തെ നിർമാർജ്ജനം ചെയ്യാതെ അതിനെ അതിജീവിക്കുന്നത് വഴിയാണ് കർമ്മത്തിൽ നിന്നും സ്വതന്ത്രമാകുന്നത്.

**11. നിർവാണം**

നിബാന എന്ന പാലി പദത്തിന്റെ അർഥം തൃഷ്ണ ഇല്ലാത്ത അവസ്ഥയെന്നാണ്. (നി-ഇല്ല, ബാന - തൃഷ്ണ). നിബാനയുടെ സംസ്കൃതമാണ് നിർവാണം. ധ്യാനത്തിലൂടെ നേടിയെടുക്കുന്ന ദുഃഖ നിരോധ അവസ്ഥയാണ് നിർവാണം. എന്നാൽ നിർവാണം ലഭിച്ച വ്യക്തി നിഷ്ക്രിയനല്ല. അനുദിന കാര്യങ്ങളിൽ വ്യാപൃതനായിരിക്കും. നിർവാണം ലഭിച്ചയാൾ 'അർഹതൻ' എന്നറിയപ്പെടുന്നു.

**ബുദ്ധന്റെ ഉപദേശങ്ങൾ**

കേട്ടതെല്ലാം വിശ്വസിക്കരുത് . പാരമ്പര്യങ്ങളുടെ പേരിൽ ഒന്നിലും വിശ്വാസമർപ്പിക്കരുത്. ഗുരുവായതിന്റെ പേരിലും ബഹുമാനത്തിന്റെ പേരിലും ഗുരുവചനം സ്വീകരിക്കരുത്. നിരീക്ഷണത്തിനും വിശകലനത്തിനും ഒടുവിൽ സ്വന്തം വിവേകത്തിന് സ്വീകാര്യമായും ലോക നൻമയ്ക്ക് ഉപകാരപ്രദമായും ബോധ്യമാണെങ്കിൽ അതിനെ ജീവിതാദർശമായി സ്വീകരിക്കാവുന്നതാണ്.

**സംഘം**

ധർമ്മോപദേശത്തിനും തന്റെ ആശയപ്രചരണത്തിനും വേണ്ടി ശിഷ്യരായ സന്യാസിമാരെ ഉൾപ്പെടുത്തി ബുദ്ധൻ രൂപീകരിച്ച സംഘടനയാണ് 'സംഘം'. സാർവത്രിക സാഹോദര്യത്തിന് ഊന്നൽ നൽകുന്ന സന്യാസി വ്യൂഹമാണ് സംഘം. സംഘാംഗങ്ങൾ 'ദാനധർമ്മങ്ങളാൽ ജീവിക്കുന്നവർ' എന്നർഥമുള്ള ഭിക്ഷുക്കൾ എന്നറിയപ്പെടുന്നു.

സാരാനാഥിലെ ആദ്യ പ്രഭാഷണത്തിൽ ധർമ്മോപദേശം നേടിയ അഞ്ചു ശിഷ്യൻമാർ ചേർന്നതാണ് ആദ്യസംഘം. താമസിയാതെ ധനിക യുവാവായ യാസയുടെ നേതൃത്വത്തിൽ 50 പേർ സംഘത്തിൽ ചേർന്നു.

സംഘാംഗങ്ങൾ തല മുണ്ഡനം ചെയ്ത് കാവി വസ്ത്രം ധരിക്കുന്നു. ലൗകിക ജീവിതം ഉപേക്ഷിച്ച് നിരന്തരം ധ്യാനിക്കുകയോ ധർമ്മം പഠിപ്പിക്കുകയോ ചെയ്യുന്നു.

സംഘത്തിനകത്ത് എല്ലാവരും തുല്യരായിരുന്നു. ലളിത ജീവിതമായിരുന്നു സംഘാംഗങ്ങൾ നയിക്കേണ്ടത്. സംഘനിയമങ്ങൾ പാലിക്കാൻ എല്ലാ അംഗങ്ങളും ബാധ്യസ്ഥരായിരുന്നു.

ഉപസമ്പാതം എന്ന ചടങ്ങ് അനുഷ്ഠിച്ച ശേഷം ഒരു ഉപാധ്യായന്റെ കീഴിൽ അഭ്യസിച്ചാണ് ഭിക്ഷുവാകുന്നത്. ഭിക്ഷു ബ്രഹ്മചര്യം അനുഷ്ഠിക്കുന്നു. ഭിക്ഷുവിന് വീടോ സമ്പാദ്യമോ പാടില്ല.

**അനുയായികളും ശിഷ്യരും**

ബുദ്ധമതത്തിലെ സാധാരണക്കാരായ അനുയായികളാണ് ഉപാസകൻമാർ. ഇവർ ലൗകിക ജീവിതം നയിക്കുന്നു. വീടും സമ്പാദ്യവുമാകാം. എന്നാൽ ഉപാസകർക്ക് സംഘത്തിൽ അംഗമാകാൻ കഴിയില്ല.

സാരാനാഥിൽ ശിഷ്യർക്കൊപ്പം കുറച്ചു നാൾ താമസിച്ച ബുദ്ധന്റെ തത്വങ്ങളിൽ ആകൃഷ്ടരായി ധാരാളം പേർ അനുയായികളായി. ഇവരിൽ സമൂഹത്തിലെ വിവിധ ശ്രേണിയിൽപ്പെട്ട ധനവാൻമാർ, ദരിദ്രർ, വിദ്വാൻമാർ, നിരക്ഷരർ, ബ്രാഹ്മണർ, ചണ്ഡാളർ, ഗൃഹസ്ഥൻമാർ, സന്യാസികൾ, എന്നിവർ ഉൾപ്പെടുന്നു. ഇവരിൽ ചിലർ ഭിക്ഷുക്കളായി സംഘത്തിൽ ചേർന്നു.

ആദ്യം ഭിക്ഷുക്കളായ 60 പേരെ ബുദ്ധൻ തന്റെ തത്വങ്ങളുടെ പ്രഭാഷണത്തിനായി പല ദിക്കുകളിലേക്കും അയച്ചു.

അക്കാലത്ത് മഗധ ഭരിച്ചിരുന്ന ബിംബിസാര ചക്രവർത്തിയും അനുചരന്മമാരും ബുദ്ധമതാനുയായികളായി മാറി. തുടർന്ന് മഗധയുടെ രാജ്യതലസ്ഥാനമായ രാജഗൃഹത്തിന്റെ സമീപം ചക്രവർത്തി ദാനം ചെയ്ത വേണുവനത്തിൽ (മുളങ്കാട്) വിഹാരം പണിത് ബുദ്ധനും ശിഷ്യരും താമസമാക്കി . ഇതറിഞ്ഞ ശുദ്ധോദന രാജാവും യശോധരയും ദൂതൻ വശം ബുദ്ധന് സന്ദേശമയച്ചു. തുടർന്ന് കപിലവസ്തുവിലെത്തിയ ബുദ്ധൻ നഗരപ്രാന്തത്തിൽ ആയിരം ശിഷ്യർക്കൊപ്പം തങ്ങി. ശുദ്ധോദന രാജാവ് അവിടെ വന്ന് ധർമ്മോപദേശം സ്വീകരിച്ചു. തുടർന്ന് മകനെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. കൊട്ടാരത്തിൽ വച്ച് പത്നിയായിരുന്ന യശോധര, മകൻ രാഹുലൻ, രാജകുമാരൻമാരായ ആനന്ദൻ, ദേവദത്തൻ, അനുരുദ്ധൻ, ക്രിമിലൻ, നന്ദൻ, ഉപനന്ദൻ എന്നിവരെ ധർമ്മ മാർഗത്തിൽ ചേർത്തു. തിരികെ രാജഗൃഹത്തിൽ വന്ന ശേഷം കുറച്ചുനാൾ വൈശാലിയിൽ താമസിച്ചു. ആ സമയത്ത് അവിടെയെത്തിയ വളർത്തമ്മ ഗൗതമി ബുദ്ധ ശിഷ്യത്യം സ്വീകരിച്ച് ആദ്യത്തെ ബുദ്ധഭിക്ഷുണിയായി. പിന്നീട് യശോധര ബുദ്ധഭിക്ഷുണി ആയതിനുശേഷം ഭക്തകാഞ്ചന എന്നറിയപ്പെട്ടു.

35 വയസ്സിലെ ബോധോദയത്തിനു ശേഷം പിന്നീടുള്ള 45 വർഷത്തെ ജീവിതകാലം ബുദ്ധൻ മധ്യഭാരതത്തിലെ ഗംഗാതടത്തിലുടനീളം സഞ്ചരിച്ച് ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട മനുഷ്യരെ തന്റെ ദർശനവും അതിന്റെ പ്രയോഗവും പഠിപ്പിക്കുകയായിരുന്നു

## മഹാ പരിനിർവാണം

തന്റെ തത്വങ്ങൾ പ്രസംഗിച്ചും ജനങ്ങളെ അതിൽ ചേർത്തുകൊണ്ടും 80 വയസ്സുവരെ മഹാഗുരുവായ ബുദ്ധൻ ജീവിച്ചു. തന്റെ ഒടുവിലത്തെ പ്രഭാഷണ യാത്രയിൽ ബുദ്ധൻ വൈശാലിയിൽ നിന്നും കുശിയിലേക്ക് പുറപ്പെട്ടു. യാത്രാമധ്യേ 'പാവ' എന്ന സ്ഥലത്ത് എത്തി. അവിടെ വച്ച് ചുന്ദൻ എന്ന പേരുള്ള കൊല്ലൻ നൽകിയ ആതിഥ്യം സ്വീകരിച്ച് അയാളുടെ ഗൃഹത്തിൽ വച്ച് ഭക്ഷണം കഴിക്കുകയും ചെയ്തു. എന്നാൽ ഈ ഭക്ഷണം അദ്ദേഹത്തിന് ഉദരരോഗമുണ്ടാക്കി. യാത്ര തുടർന്ന് കുശിയിൽ എത്തിയെങ്കിലും രോഗബാധ മാറിയില്ല. കുശിയിൽ ഹിരണ്യവതി നദിയുടെ തീരത്ത് പ്രശാന്തമായ വനത്തിൽ രണ്ടു സാല മരങ്ങൾക്കിടയിൽ തയാറാക്കിയ കട്ടിലിൽ കിടന്നു വിശ്രമിച്ചു കൊണ്ട് ശ്രീബുദ്ധൻ ക്രി.മു. 483ൽ മരണമടഞ്ഞു. മരിക്കുമ്പോൾ അദ്ദേഹത്തിന് 80 വയസ്സ് പ്രായമായിരുന്നു. ഗൗതമബുദ്ധന്റെ മരണം 'മഹാ പരിനിർവാണം' എന്നറിയപ്പെടുന്നു.

മരിക്കുന്നതിന് മുമ്പ് ബുദ്ധൻ ശിഷ്യരോട് പറഞ്ഞ അവസാന വാക്കുകൾ ഇതായിരുന്നു – 'നാശം എല്ലാ പദാർഥങ്ങൾക്കും സഹജമാണ്. അറിവിനെ തേടി ശ്രദ്ധയോടെ മോക്ഷത്തിനായി പ്രയത്നം ചെയ്യുക'

കുശിനഗരത്തിലെ മല്ലർ ബുദ്ധന്റെ ഭൗതികദേഹം ദഹിപ്പിച്ചു. ഭൗതികാവശിഷ്ടങ്ങൾ ലഭിക്കുവാൻ ഏഴു രാജാക്കൻമാർ തമ്മിൽ പോരാടാൻ ഒരുങ്ങിയെങ്കിലും ഒരു ബ്രാഹ്മണന്റെ മധ്യസ്ഥതയിൽ അവ ഏഴു പേർക്കും വീതിച്ചു നൽകി. പിൽക്കാലത്ത് അശോക ചക്രവർത്തി ബുദ്ധന്റെ ഭൗതികാവശിഷ്ടങ്ങൾ ഏറ്റെടുത്ത് തന്റെ സാമ്രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ സംസ്കരിച്ച് അവിടെ സ്തൂപങ്ങളുണ്ടാക്കി.

### ബുദ്ധപൂർണ്ണിമ

സിദ്ധാർഥൻ ശ്രീബുദ്ധനായി പൂർണ്ണത നേടിയ ദിനമാണ് ബുദ്ധപൂർണ്ണിമ എന്നറിയപ്പെടുന്നത്. വൈശാഖ മാസത്തിലെ വെളുത്ത വാവ് ദിവസം അതായത് വിശാഖ നക്ഷത്രവും പൗർണ്ണമിയും ഒത്തുചേരുന്ന ദിനമാണിത്. ബുദ്ധമത വിശ്വാസ പ്രകാരം ഇതേ ദിനം തന്നെയാണ് ബുദ്ധൻ ജനിച്ചതും മഹാപരിനിർവാണ മടഞ്ഞതും. ബുദ്ധന്റെ ജന്മദിനമായ തിനാൽ ബുദ്ധജയന്തി എന്നും വൈശാഖ പൗർണമി ദിനം അറിയപ്പെടുന്നു.

ബുദ്ധപൂർണ്ണിമ ദിനത്തിൽ ബുദ്ധമത വിശ്വാസികൾ വിഹാര സന്ദർശനം, ദാന ധർമ്മങ്ങൾ, ഉപവാസം, വിശുദ്ധ ഗ്രന്ഥ പാരായണം എന്നിവയിൽ ഏർപ്പെടുന്നു.

### ബുദ്ധമത ചരിത്രം

#### 1. പശ്ചാത്തലം

ക്രിസ്തുവിന് മുമ്പുള്ള നൂറ്റാണ്ടുകളിൽ ഉത്തര ഭാരതത്തിൽ നിലനിന്ന ബ്രാഹ്മണ മേധാവിത്തവും ജാതി വ്യവസ്ഥയും സാമാന്യ ജനങ്ങളിൽ അസന്തുഷ്ടി ജനിപ്പിച്ച ഒരു കാലഘട്ടത്തിലാണ് ബുദ്ധമതം രംഗപ്രവേശം ചെയ്തത്. ബ്രാഹ്മണ്യം ജൻമസിദ്ധമാണെന്ന വാദത്തെ നിരാകരിച്ച ബുദ്ധൻ കർമ്മമാണ് ഒരാളെ ഉത്തമനാക്കുന്നതെന്ന് സിദ്ധാന്തിച്ചു. വേദഗ്രന്ഥങ്ങളിലെ സംസ്കൃത ഭാഷ സാധാരണക്കാരന് അപ്രാപ്യമായിരുന്നു. എന്നാൽ ബുദ്ധമത ദർശനങ്ങളും സന്ദേശങ്ങളും പ്രാദേശിക ഭാഷകളിലായിരുന്നു തയാറാക്കിയിരുന്നത് .

#### 2. ആരംഭകാലം

ഏറ്റവും പ്രാചീനമായ മതങ്ങളിൽ ഒന്നായ ബുദ്ധമതത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ക്രി.മു. ആറാം നൂറ്റാണ്ടിലാണ്. 35 വയസ്സിൽ ബോധോദയം ലഭിച്ച ശേഷം നിർവാണം വരെയുള്ള 45 വർഷക്കാലം ഉത്തരേന്ത്യയിൽ നിരന്തരം പ്രഭാഷണങ്ങൾ നടത്തിവന്ന ബുദ്ധന് വളരെയധികം അനുയായികളും ശിഷ്യരുമുണ്ടായി. ശിഷ്യരായ ഭിക്ഷുസംഘങ്ങളെ ബുദ്ധൻ ആശയ പ്രചരണത്തിന് രാജ്യത്തിന്റെ പല ഭാഗങ്ങളിലുമയച്ചു. ഇക്കാലം ബുദ്ധമതത്തിന്റെ ആരംഭകാലമായി കണക്കാക്കപ്പെടുന്നു.

ബുദ്ധന്റെ കാലശേഷം രണ്ടു നൂറ്റാണ്ടോളം ബുദ്ധമതം ചെറിയ ഭിക്ഷു – ഭിക്ഷുണി സംഘങ്ങളിൽ ഒതുങ്ങി നിന്നു. ധാരാളം ഉപാസകർ ഉണ്ടായിരുന്നെങ്കിലും ഈയൊരു സമൂഹം ഒരു മതരൂപം പ്രാപിച്ചിരുന്നില്ല. ഒരു പിൻഗാമിയെ നിയമിക്കാനും തന്റെ ദർശനങ്ങൾ നിയത രൂപത്തിൽ സമാഹരിക്കാനും ബുദ്ധൻ ശ്രമിച്ചിരുന്നില്ല. അതിനാൽ ബുദ്ധനു ശേഷമുള്ള നാലു നൂറ്റാണ്ടുകളിൽ ബുദ്ധദർശനത്തിൽ അധിഷ്ഠിതമായ വിവിധ സംഘടനകൾ രൂപം കൊണ്ടു. മൗര്യസാമ്രാജ്യത്തിലെ മൂന്നാമനായി ക്രി.പി. (268-232) കാലത്ത് ഇന്ത്യ ഭരിച്ച അശോക ചക്രവർത്തിയുടെ കാലത്താണ് അത് ഒരു ദേശീയ മതമായത്.

#### 3. വികാസം – ബുദ്ധമത സഭകൾ

ബുദ്ധന്റെ കാലശേഷം ഒരു നൂറ്റാണ്ടോളം ഒരു ചെറിയ മത വിഭാഗമായി നിന്ന ബുദ്ധമതത്തിന്റെ വികാസത്തിന് നിർണ്ണായകമായ പങ്കു വഹിച്ചത് ബുദ്ധമത ആലോചനാ സമിതികൾ അഥവാ സഭകൾ ആയിരുന്നു.

ബുദ്ധന്റെ മഹാ പരിനിർവാണം കഴിഞ്ഞ് മൂന്നു മാസമായപ്പോൾ മഗധ ചക്രവർത്തി അജാതശത്രുവിന്റെ ആഭിമുഖ്യത്തിൽ തലസ്ഥാനമായ രാജഗൃഹത്തിൽ വച്ച് ഒന്നാം കാര്യസമിതി നടന്നു. ബുദ്ധ ശിഷ്യനായ മഹാകാശ്യപൻ എന്ന ഭിക്ഷുവായിരുന്നു യോഗാധ്യക്ഷൻ. സമിതിയിൽ വച്ച് പ്രമുഖ

ബുദ്ധശിഷ്യൻമാരായ ആനന്ദൻ, ഉപാലി എന്നിവർ സംഘത്തിന്റെ നിയമങ്ങൾ, ധർമ്മ ത്തെക്കുറിച്ചുള്ള ബുദ്ധന്റെ പ്രഭാഷണങ്ങൾ എന്നിവ പ്രത്യേകം ക്രോഡീകരിച്ചു. പിൽക്കാ ലത്ത് ബുദ്ധമതത്തിന്റെ പ്രാമാണിക ഗ്രന്ഥമായി മാറിയ 'പാലി സംഹിത'യ്ക്ക് അടിസ്ഥാനമായത് ഇവയാണ്.

തുടർന്ന് ഒരു നൂറ്റാണ്ടിനുശേഷം രണ്ടാം കാര്യസമിതി ക്രി.മു. 383ൽ വൈശാലിയിൽ വച്ച് സഭാകാരി എന്ന സന്യാസിയുടെ അദ്ധ്യക്ഷ തയിൽ ചേർന്നു. ഇതിൽ ബുദ്ധമതാനുയായി കൾ രണ്ടു ചേരിയായി തിരിയുന്ന ലക്ഷണ ങ്ങൾ കണ്ടുതുടങ്ങി. പാരമ്പര്യ വാദികൾ ബുദ്ധനെ ജ്ഞാനോദയം ലഭിച്ച മനുഷ്യനായും മറുവിഭാഗം സാധാരണ മനുഷ്യനിൽ നിന്നും വ്യത്യസ്തമായ ദൈവിക ശക്തിയുള്ള ദിവ്യനായും വാദിച്ചു. സന്യാസ നിയമങ്ങൾ കൂടുതൽ ലളിതമാക്കണമെന്നും ശഠിച്ച പുരോഗമനവാദികൾക്ക് സന്യാസികളും ലൗകികരുമായ വലിയ വിഭാഗത്തിന്റെ പിന്തുണ ലഭിച്ചു. ഇവർ ഭൂരിപക്ഷ സംഘമെന്ന് അർഥമുള്ള 'മഹാസാംഘികർ' എന്നും പാരമ്പര്യവാദികളായ ന്യൂനപക്ഷം 'ഥേരാവാ ദികൾ' എന്നും അറിയപ്പെട്ടു.

മൂന്നാം ബുദ്ധമതസഭ ക്രി.മു. 250 ൽ പാടലീപുത്രത്തിൽ ചേർന്നു. അശോകചക്ര വർത്തി വിളിച്ചു ചേർത്ത സഭയിൽ മൊഗാലിപുത്ത എന്ന സന്യാസിയായിരുന്നു അദ്ധ്യക്ഷൻ.

താൻ നടത്തിയ കലിംഗ യുദ്ധത്തിൽ ആയിരക്കണക്കിനു മനുഷ്യർ മരിച്ചതിന്റെ പശ്ചാത്താപത്തിൽ അശോക ചക്രവർത്തി അഹിംസയുടെ ദർശനമുള്ള ബുദ്ധമതത്തിൽ ചേർന്നിരുന്നു. എന്നാൽ അക്കാലത്ത് ബുദ്ധമത ത്തിൽ ഭിന്നതയുണ്ടായിരുന്നു. വിരുദ്ധ നിലപാടുകളുള്ള ശാഖകളെ ഇണക്കിച്ചേർ ക്കുക, വിദൂരദേശങ്ങളിലെ വിരുദ്ധ സംഘ ങ്ങളെ തിരുത്തുവാൻ പ്രചാരകരെ അയക്കുക എന്നിവയായിരുന്നു മൂന്നാം സഭയുടെ ലക്ഷ്യങ്ങൾ. ബുദ്ധനിൽ നിന്ന് നേരിട്ട് പകർന്നു കിട്ടിയ പാരമ്പര്യ ബുദ്ധ ദർശന രേഖകൾ ഉൾക്കൊള്ളുന്ന 'ത്രിപിടകങ്ങൾ' എന്നറിയപ്പെടുന്ന പാലിനിയമങ്ങൾ രൂപപ്പെടു ന്നത് ഇക്കാലത്താണ്.

നാലാം ബുദ്ധമതസഭ ക്രി.പി.100 ൽ കുശാന രാജാവ് കനിഷ്കന്റെ ഭരണകാലത്ത് കാശ്മീരിൽ വച്ച് നടന്നു. വസുമിത്രന്റെ നേതൃത്വത്തിൽ 500 ൽ പരം സന്യാസിമാർ പങ്കെടുത്ത സഭയിൽ അഭിധർമ്മ തത്വങ്ങളുടെ വിശദമായ വ്യാഖ്യാനങ്ങൾ സംഗ്രഹിക്കപ്പെട്ടു. ആദിമ തത്വങ്ങൾ അടങ്ങിയ പാലിസംഹിത ഒഴിവാക്കി പരിഷ്കൃതവാദങ്ങൾ അടങ്ങിയ മഹായാന തത്വങ്ങളും പുതിയ കൃതികളും ആശ്രയിക്കപ്പെട്ടു. സംസ്കൃത ഭാഷയിലാണ് പ്രമാണങ്ങൾ എഴുതപ്പെട്ടത്. പ്രാദേശിക ഭാഷകളിലെ എല്ലാ പുതിയ കൃതികളും സംസ്കൃതത്തിലേക്ക് പരിഭാഷപ്പെടുത്തി. ആഗമതത്വങ്ങളുടെ ക്രോഡീകരണവും 'സർവസ്തി വാദി അഭിധർമ്മ'യെ അടിസ്ഥാന മാക്കിയ 'മഹാവിഭാഷ' എന്ന വിപുലമായ വ്യാഖ്യാന സംഹിതയും ആയിരുന്നു നാലാം സഭയുടെ പ്രധാന സംഭാവനകൾ. ബ്രാഹ്മണ രുടെയും പൊതു ചിന്തകരുടെയും ഭാഷയായ സംസ്കൃതത്തിലേക്കുള്ള മാറ്റം ബുദ്ധമത ത്തിന്റെ ചരിത്രത്തിലെ പ്രധാന നാഴികക്കല്ലാ യിരുന്നു. നാലാം സഭയിൽ വച്ചാണ് തേരവാദ ത്തിൽ നിന്ന് പിരിഞ്ഞ് ഔദ്യോഗികമായി മഹായാനം രൂപീകരിക്കപ്പെട്ടത്.

കനിഷ്കൻ വിളിച്ചു ചേർത്ത സഭയെ ഥേരവാദക്കാർ അംഗീകരിക്കുന്നില്ല. ക്രി.മു. 80ൽ വട്ഗാമണി എന്ന ശ്രീലങ്കൻ രാജാവ്

## എൻജിനിയേഴ്സ് അസ്സോസിയേഷന് 70 വയസ്സ്

എൻജിനിയേഴ്സ് അസോസിയേഷൻ 70 വയസ്സ് പൂർത്തിയാക്കുകയാണ്. അതിന്റെ ഭാഗമായി 70-ാമത് വാർഷിക പൊതുയോഗം വരുന്ന ഒക്ടോബർ 1ന് കോഴിക്കോട് വച്ചുനടത്തുന്നു. കേരളത്തിന്റെ ഊർജരംഗത്ത് ചരിത്രംകുറിച്ച ഒട്ടേറെ സംഭാവനകൾ നൽകിയ അസോസിയേഷനാണ് നമ്മുടേത്. അതിന്റെ 70-ാമത് വാർഷികവും ഒരു ചരിത്രമാക്കുവാൻ വ്യത്യസ്തമായ പരിപാടികളുമായാണ് കോഴിക്കോട് യൂണിറ്റ് അഭിമാനപൂർവം ഒരുങ്ങുന്നത്.

അതിന് എത്രയും വേഗത്തിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇത്തവണ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ഒരു ഫോട്ടോ കൂടി അപ്‌ലോഡ് ചെയ്താൽ, AGBക്ക് നൽകുന്ന ID കാർഡിൽ അതുകൂടി പ്രിന്റ് ചെയ്തു നൽകാൻ കഴിയും. കോഴിക്കോടിന്റെ സവിശേഷത നിറഞ്ഞ ഭക്ഷണം ഒരുക്കുന്നതിനു ചോയ്സ് നൽകാനും രജിസ്റ്റർ ചെയ്യുമ്പോൾ അവസരമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അതാത് യൂണിറ്റുകളുമായി ബന്ധപ്പെടേണ്ടതാണ്.

മാതലെ എന്ന സ്ഥലത്ത് വിളിച്ചുകൂട്ടിയ യോഗമാണ് ഇവർ നാലാം ബുദ്ധമത സഭയായി പരിഗണിക്കുന്നത്. വാമൊഴിയായി നിലനിന്ന ത്രിപിടകങ്ങൾ ആദ്യമായി പനയോലയിൽ എഴുതി വരമൊഴിയാക്കിയത് ഈ സഭയിലാണ് എന്ന വാദമുണ്ട്.

അഞ്ചാമത്തെ സഭ 1871 ൽ ശ്രീലങ്കയിലെ മണ്ഡലെ എന്ന സ്ഥലത്തു കൂടി. ആറാമത്തെ സഭ ബർമ്മയിലെ റംഗൂണിൽ 1954-56 വർഷത്തിൽ കൂടി.ഇതിൽ ഇന്ത്യ, ശ്രീലങ്ക, നേപ്പാൾ, പാകിസ്ഥാൻ, തായ്‌ലന്റ്, ലാവോസ്, കമ്പോഡിയ എന്നീ രാജ്യങ്ങളിലെ ഭിക്ഷുക്കൾ പങ്കെടുത്തു. 1956 ൽ മഹാപരി നിർവാണത്തിന്റെ 2500 ആം വാർഷികം ആഘോഷിച്ചു.

### 4. വ്യാപനം

ഇന്ത്യയിൽ ഉടലെടുത്ത ബുദ്ധമതം പിന്നീട് നിരവധി രാജ്യങ്ങളിലേക്കും സംസ്കാരങ്ങളിലേക്കും വ്യാപിച്ചു. അശോക ചക്രവർത്തി ബുദ്ധമതം സ്വീകരിക്കുകയും മത പ്രചരണത്തിനായി ലോകത്തിലെ പല പ്രദേശങ്ങളിലേക്കും ഭിക്ഷുക്കളെ അയക്കുകയും ചെയ്തു. ഇതോടെ ബുദ്ധമതത്തിന് ലോകത്തിൽ പല രാജ്യങ്ങളിലും വൻ പ്രചാരം ലഭിച്ചു. ശ്രീലങ്ക, ബർമ്മ, ചൈന, നേപ്പാൾ, ടിബറ്റ്, കൊറിയ, മംഗോളിയ, കംബോഡിയ, ജപ്പാൻ എന്നിവിടങ്ങളിൽ ശക്തമായും 170 ൽ പരം രാജ്യങ്ങളിൽ സ്വാധീനവുമുള്ള ഒരു ലോക മതമായി അതു വളർന്നു. ഇന്ന് ബുദ്ധമതത്തിൽ ഏകദേശം 50 കോടിയോളം വിശ്വാസികളുണ്ട്.

രൂപം കൊണ്ട രാജ്യമായ ഇന്ത്യയുടെ സംസ്കാരത്തിനു പുറമെ മദ്ധ്യേഷ്യൻ, കിഴക്കനേഷ്യൻ, തെക്കു കിഴക്കനേഷ്യൻ രാജ്യങ്ങളിലെ സംസ്കാരങ്ങൾ ബുദ്ധമതത്തെയും മതം ഈ സംസ്കാരങ്ങളെയും സ്വാധീനിച്ചു. ഒരു കാലഘട്ടത്തിൽ ഏഷ്യയിലെ ഏറ്റവും വലിയ മതം ബുദ്ധമതമായിരുന്നു.

*(തുടരും....)*

## സുഭാഷിതം

# ആഗ്രഹം



*Er കെ. ശശിധരൻ (റിട്ട.)*
കണ്ണൂർ

**ആ**ഗ്രഹമാണ് നമ്മുടെ ജീവിതത്തെ മുന്നോട്ട് നയിക്കുന്നത്. മത്സരത്തിൽ ഒന്നാമനാകണമെന്ന ആഗ്രഹമാണ് ഒരു അത്‌ലറ്റിനെ കഠിന പരിശീലനത്തിന് പ്രേരിപ്പിക്കുന്നത്. വെറുതെ മത്സരിക്കുന്നവന് യാതൊരു പരിശ്രമത്തിന്റെയും ആവശ്യമില്ല. ക്ലാസ്സിൽ ഒന്നാമനാകണമെന്ന ആഗ്രഹമുള്ള വിദ്യാർത്ഥി കഠിനമായി പരിശ്രമിക്കുന്നു. പ്രത്യേകിച്ച് ലക്ഷ്യമൊന്നുമില്ലാത്ത ഒരു വിദ്യാർത്ഥി ജീവിതത്തിൽ ആരുമാകില്ലെന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഒരാഗ്രഹവുമില്ലാത്തവന്റെ ജീവിതം യാന്ത്രികമായിരിക്കും; ചാവികൊടുത്താൽ ചലിക്കുന്ന പാവപോലെ. ആഗ്രഹങ്ങൾ ഒരുവനെ കർമ്മോന്മുഖനാക്കുന്നു. ആഗ്രഹിച്ചാൽ അത് നേടിയെടുക്കുവാൻ അവൻ കഠിനമായി പരിശ്രമിക്കും. ലക്ഷ്യം കൈവരിക്കും വരെ വിശ്രമമില്ല. ഏതൊരാഗ്രഹത്തിന്റെ പുറകിലും ഒരു സദുദ്ദേശമുണ്ടാകണം. എങ്കിൽ ആഗ്രഹ പൂർത്തീകരണം കൊണ്ട് സ്വയംനന്നാവുകയും ഒപ്പം സമൂഹവും അതുവഴി നാടും പുരോഗമിക്കുന്നു. ജനങ്ങളുടെ ലക്ഷ്യബോധത്തോടെയുള്ള പരിശ്രമമാണ് ഒരു നാടിന്റെ പുരോഗതിക്കത്യാവശ്യം. ഇന്ന് നാം അനുഭവിക്കുന്ന പല സൗകര്യങ്ങളുടെയും പുറകിൽ പലരുടെയും സ്വപ്നവും അത് സാക്ഷാത്കരിക്കുവാനുള്ള അടങ്ങാത്ത മോഹവുമാണെന്ന് കാണുവാൻ സാധിക്കും. ചുരുക്കത്തിൽ ആഗ്രഹമുള്ള ജനതയാണ് നാടിനാവശ്യം. എന്നാൽ, ദുരാഗ്രഹം അപകടകാരിയാണെന്നും അറിയുക.

പല അനുഗ്രഹങ്ങളും ദുരാഗ്രഹത്താൽ അത് അനുഭവിക്കാൻ സാധിക്കാത്ത പലരെയും നമുക്ക് കാണാം. കുടുംബങ്ങളിലെ ഏതെങ്കിലും ഒരാളുടെ അത്യാഗ്രഹം ആ കുടുംബത്തിന്റെ നാശത്തിലേ അവസാനിക്കൂ.

ഒരു നല്ല മനുഷ്യനായ ഭൂവുടമ. ധാരാളം ഭൂമി അദ്ദേഹത്തിന് സ്വന്തമായി ഉണ്ടായിരുന്നു. കണ്ണെത്താത്ത അത്രയും ദൂരം പരന്നു കിടക്കുന്നു. ഒരിക്കൽ അദ്ദേഹം ഭൂമിയില്ലാത്തവർക്ക് തന്റെ ഭൂമി ദാനം ചെയ്യാൻ തീരുമാനിച്ചു. ഭൂമിയില്ലാത്തവരോട് ആവശ്യമുള്ള ഭൂമി അളന്നെടുക്കാൻ അനുവാദം നൽകി. പലരും അവർക്കത്യാവശം വേണ്ടുന്ന ഭൂമി അളന്നെടുത്തു. ഒരു ദിവസം ഈ വിവരം അറിഞ്ഞ ഒരാൾ ഭൂവുടമയെ സമീപിച്ച് കൃഷി ചെയ്യാൻ ഭൂമി ആവശ്യപ്പെട്ടു.

നീ രാവിലെ സൂര്യനുദിച്ചാൽ എന്റെ ഭൂമിയിൽ നടക്കുക. അസ്തമിക്കുന്നതിനു മുന്നെ തിരിച്ച് എന്റെ മുന്നിൽ എത്തുക. എത്രദൂരം നിനക്ക് നടന്നെത്താമോ അത്രയും ഭൂമി നീ എടുത്തോളു.

സന്തോഷത്തോടെ അന്ന് അയാൾ വീട്ടിലേക്ക് മടങ്ങി. സന്തോഷാധിക്യത്താൽ ഉറങ്ങാൻ കഴിഞ്ഞില്ല. അടുത്ത ദിവസം പ്രഭാതത്തിൽ സൂര്യനുദിക്കാൻ കാത്തുനിന്നു. സൂര്യനുദിച്ച ഉടനെ നടത്തമാരംഭിച്ചു. നടത്തമല്ല ഓട്ടമായിരുന്നു. ആവുന്നത്ര വേഗത്തിൽ നടന്നും ഓടിയും അയാൾ വളരെ അകലെ

## നാടുനന്നാകാൻ - 18

# അവർ അന്യരാകേണ്ടവരല്ല



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

പണ്ട് സ്കൂളിൽ പഠിക്കുമ്പോൾ എല്ലാ ദിവസവും അദ്ധ്യയനം ആരംഭിക്കുംമുമ്പുള്ള പ്രതിജ്ഞയുടെ ഭാഗമായി ഒരു വാചകം ചൊല്ലുമായിരുന്നു. "എല്ലാഭാരതീയരും എന്റെ സഹോദരീ സഹോദരന്മാരാണ് എന്ന്. ആ പ്രതിജ്ഞാ വാചകം പാഴാകുന്നുവെന്ന് കാലം തെളിയിച്ചുവരുന്നു.

നിരന്തരം നിരവധി മനുഷ്യജീവികളുടെ ദയനീയ ജീവിത കാഴ്ചകൾ കണ്ടുവരുന്നവരാണ് നമ്മിൽ പലരും. നഗരങ്ങളിൽ പൊരിവെയിലത്ത് ഭക്ഷണശാലകൾക്കു മുന്നിൽ ഉറങ്ങുന്ന പിഞ്ചുകുഞ്ഞുങ്ങളെ ചേർത്തുപിടിച്ച് വഴിയരികിലിരുന്ന് യാചിക്കുന്ന സ്ത്രീകളെ കാണാം. ഒപ്പമുള്ള പിഞ്ചുകുഞ്ഞുങ്ങൾ ഉറങ്ങുകയാണോ, ഭക്ഷണമില്ലാതെ വിശപ്പുകൊണ്ട് തളർന്നുമയങ്ങുന്നതാണോ, യാചക വൃത്തിയുടെ ഭാഗമായി അവയെ മയക്കി ഉറക്കുന്നതാണോ എന്നറിയില്ല. അതറിയാനൊട്ട് താൽപര്യം ആർക്കുമില്ല.

---

എത്തി. നടത്തം നിർത്തിയില്ല. കൂടുതൽ കൂടുതൽ ദൂരം എത്തിപ്പിടിക്കുവാൻ മോഹിച്ചുകൊണ്ട് ഓട്ടം തുടർന്നു. ഒരു തുള്ളി വെള്ളം പോലും കുടിക്കാതെ ഓടി തളർന്ന് അവശനായി. സൂര്യനസ്തമിക്കുന്നതിനു മുന്നെ ഭൂവുടമയുടെ അടുക്കൽ തിരിച്ചെത്തണമെന്ന കാര്യമൊക്കെ മറന്നിരുന്നു. കൂടുതൽ കൂടുതൽ ഭൂമി സ്വന്തമാക്കാനുള്ള അത്യാഗ്രഹത്തിൽ തളർന്നവശനായി അവിടെ കിടന്ന് അന്ത്യശ്വാസം വലിച്ചു. ദുരാഗ്രഹത്തിന്റെ അന്ത്യം. അർഹിക്കുന്നതേ ആശിക്കാവൂ, അല്ലെങ്കിൽ നാശമായിരിക്കും ഫലം. പുരാണത്തിലെ ഒരു കഥയിതാ.

മഹാബലിയുടെ പുത്രി രത്നമാല മട്ടുപ്പാവിൽ കാറ്റുകൊണ്ടിരിക്കുകയായിരുന്നു. താഴെ ഓലക്കുട ചൂടി, കുഞ്ഞിക്കയ്യിൽ കമണ്ഡലവുമേന്തി പട്ടുകോണകവുമുടുത്ത് കുണുങ്ങി വരുന്ന വാമനൻ. രത്നമാലയുടെ മാറിടം നനഞ്ഞു. കുട്ടിയുടെ വശ്യമായ സൗന്ദര്യം കണ്ട് മാതൃത്വം തുളിമ്പി തൂവി അവളറിയാതെ മുല ചുരന്നു. വ്യാകുലതയോടെ അവൾ ചിന്തിച്ചു. ഇതുപോലൊരു ഓമന കുഞ്ഞിനെ മുലയൂട്ടാനായാൽ ഞാനെത്ര ഭാഗ്യവതിയായേനെ !

ആ നിമിഷം ബാലനായ വമനമൂർത്തി രത്നമാലയെ നോക്കി പുഞ്ചിരിച്ചു... തഥാസ്തു... കൃഷ്ണാവതാരത്തിൽ രത്നമാല പൂതനയായി ജനിച്ചു. കംസന്റെ നിർദ്ദേശ പ്രകാരം ഉണ്ണിക്കണ്ണനെ വധിക്കാൻ പൂതന കണ്ടെത്തിയ മാർഗ്ഗം മുലയിൽ കൊടും വിഷം പുരട്ടി പാൽ കൊടുക്കുകയെന്നതായിരുന്നു. കണ്ണന്റെ പാലിനൊപ്പം പൂതനയുടെ ജീവനും വലിച്ചു കുടിച്ചു. ആഗ്രഹം വിത്തുപോലെയാണ്. എന്നെങ്കിലും മുളച്ചുവരും. ഏത് ദുരാഗ്രഹത്തിന്റെ നിഴലിലും അറിയാത്ത ഒരപകടം ഉണ്ടാകുമത്രെ!

തെരുവുകളിലും ആളുകൂടുന്നയിടങ്ങളിലും അപകടകരവും അതിസാഹസികവുമായ സർക്കസ് അഭ്യാസങ്ങൾ കാണിച്ച് നാണയത്തുട്ടുകൾ നേടുന്ന ബാലികാ ബാലന്മാരെയുംകാണാം. ട്രെയിനുകളിലും ബസ് സ്റ്റേഷ നുകളിലും ഭിക്ഷയെടുത്തു നടക്കുന്ന സ്ത്രീ കളെയും കുട്ടികളെയും കാണാം. റെയിൽപ്പാത കളിൽ കത്തുന്ന വെയിലിൽ ചരൽകൂമ്പാര ങ്ങളുമായി ബന്ധപ്പെട്ട കഠിന ജോലികൾ ചെയ്യുന്ന ദരിദ്ര സ്ത്രീകളെ കാണാം.

സർക്കസ് കൂടാരങ്ങളിൽ ബാലികാബാലന്മാരും യുവതികളും നടത്തുന്ന അപകടകരമായ കായികാഭ്യാസങ്ങൾ ടിക്കറ്റെടുത്ത് കൗതുകത്തോടെ കണ്ടാസ്വദിക്കുന്ന നമ്മൾ അവരുടെ നൊമ്പരങ്ങളും തേങ്ങലുകളും ശ്രദ്ധിക്കാറേയില്ല.

പ്രധാന റോഡ് ജംഗ്ഷനുകളിൽ നിറുത്തപ്പെടുന്ന വാഹനങ്ങളുടെയടുത്ത് പലതരം ഉല്പന്നങ്ങളുമായി ഓടിയെത്തി വില്പനയ്ക്കായി യാചിക്കുന്ന ഇതര സംസ്ഥാനങ്ങളിലെ ദരിദ്രരായ കുട്ടികളെയും സ്ത്രീകളെയും കണ്ടാലും നമ്മുടെയൊക്കെ മനസ്സുകളിൽ കാരുണ്യത്തിന്റെ കണികപോലും മൊട്ടിടാറില്ല.

മേൽ സൂചിപ്പിക്കപ്പെട്ടവരും സമാനരീതിയിൽ നാളുതള്ളുന്നവരും നമ്മുടെ കൂട്ടത്തിൽ ത്തന്നെയുണ്ടാകേണ്ടവരല്ലേ ? നമ്മുടെയോ മക്കളുടെയോ പേരക്കുട്ടികളുടെയോ ഒക്കെ സഹോദരതുല്യരാകേണ്ടവരല്ലേ ? പ്രതിജ്ഞാ വാചകത്തിലെ സാഹോദര്യം നിദ്രയിലാഴുകയല്ലേ ?

ഇപ്പറഞ്ഞ കഥാപാത്രങ്ങൾക്ക് സുഖജീവിതം എന്നൊന്നുണ്ടോ? അവർക്ക് ഏതെങ്കിലും തരത്തിലുള്ള സംരക്ഷണം ലഭിക്കുന്നുണ്ടോ ? അവർക്ക് കരയാനോ പ്രതിഷേധിക്കാനോ, പ്രതിരോധിക്കാനോ വേണ്ട ശേഷിയോ അർഹതയോ, അവകാശമോ ഉണ്ടോ? പൗരാവകാശവും പൗരസ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ട അടിമകളല്ലേ അവർ? നല്ല ഭാവിയെക്കുറിച്ചോ ആത്മഹത്യയെക്കുറിച്ചോ ചിന്തിക്കാൻ കഴിയാത്ത പട്ടിണിപ്പാവങ്ങളല്ലേ അവർ?

ഭരണവൈകല്യത്തിന്റെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ നിരുത്തരവാദിത്വത്തിന്റെയും ഇരകളാണവർ. പ്രതികരണ ശേഷി ഇല്ലാത്ത ഇവരുടെ വേദനകളും രോദനങ്ങളും ശ്രദ്ധിക്കാൻ ആർക്കും സമയ മില്ല. ഇവരെയൊക്കെ മറികടന്നാണ് പുരോഗ മന ചിന്താഗതിക്കാരും രാഷ്ട്രീയ നേതാക്കളും കാലാകാലങ്ങളിൽ അധികാരത്തിലെത്തുന്ന ഭരണാധികാരികളുമെല്ലാം തലങ്ങും വിലങ്ങും പറന്നു നടക്കുന്നത്. കടുത്ത ദാരിദ്ര്യം കാരണം നിൽക്കക്കള്ളിയില്ലാതാകുമ്പോൾ ഇവരിൽ ചിലരെങ്കിലും കുറ്റകൃത്യങ്ങളിലേർപ്പെടുന്നത് രാഷ്ട്രീയക്കാരെപ്പോലെ സമ്പാദിച്ചു കൂട്ടാനല്ല, ജീവൻ നിലനിർത്താനാണ്. സമ്പന്നരെയും ആഡംബര പ്രിയരെയും അപേക്ഷിച്ച് ഇത്തരം ദരിദ്രർ നമ്മുടെ നാട്ടിൽ എണ്ണത്തിൽ വളരെക്കുറവാണ്.മേനി നടിക്കലിനും പൊങ്ങച്ചത്തിനുമൊക്കെയായി പൊടി പൊടിച്ച് ധൂർത്തടിച്ച് പാഴാക്കുന്ന പണത്തിന്റെ ചെറിയൊരംശം മതിയാകും ഈ പട്ടിണിപ്പാവങ്ങളുടെ ജീവൻ നിലനിറുത്താൻ.

നികുതിപ്പണം ചെലവാക്കുമ്പോൾ ഏറ്റവും മുന്തിയ പരിഗണന നൽകേണ്ടത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും അടിമപ്പണി അവസാനിപ്പിക്കുന്നതിനുമാകണം.

ശിശുക്കളുടെയും സ്ത്രീകളുടെയും ആദിവാസികളുടെയും ക്ഷേമത്തിനും സംരക്ഷണത്തിനും വകുപ്പുകളും സംവിധാനങ്ങളും ഉദ്യോഗസ്ഥരുമുണ്ടെങ്കിലും അത് പ്രയോജനപ്പെടുന്നത് രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കുമാണ് എന്ന് ലജ്ജയോടുകൂടിയേ പറയാനാകൂ.

കവിത

# ഫാദേർസ് ഡേ



*Er* **മഹേഷ് ടി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

**രാ**വൊന്നു മാറി പുലരി തെളിയുമ്പോൾ
രാപകൽ ഭേദമില്ലാതെ പായുന്ന അച്ഛൻ
രുചിയേറും ഭക്ഷണം പാകപ്പെടുത്തുവാൻ
രാജ്ഞിയാം അമ്മയ്ക്ക് കൈ താങ്ങായി കൂടുന്നതും ...

കൃത്യതയില്ലാതലക്ഷ്യമായി ഉറങ്ങുന്ന എന്നെ
കൊഞ്ചിച്ചു ലാളിച്ചുറക്കമുണർത്തുന്നതും...
കൺ കണ്ട ദൈവത്തെ കണ്ടുണരുമ്പോൾ
കള്ള ചിരിയോടെ ഗുണദോഷിയ്ക്കുന്നതും ...

അന്തിയാവോളം പണി ചെയ്തവശനായ്
അഷ്ടിയ്ക്കു വക കണ്ടെത്തുമച്ഛനെ
ഇച്ഛയോടെന്നും ഞാൻ കാത്തിരുന്നമ്മയോടൊപ്പം
അച്ഛന്റെ ഒപ്പം അത്താഴമുണ്ണുന്നതും.....

ഓർമ്മയിലനന്തമാം ഒന്നിച്ച വേളകൾ
ഒത്തിരിയില്ലെന്നാലും കിട്ടുന്ന വേളകൾ
ഓളത്തിലാനന്ദിച്ച നിമിഷങ്ങൾ
ഓർത്തു പോകുന്നീദിനം വീണ്ടും ....

അച്ഛനായി മാറിയ നാൾ മുതലല്ലയോ
അച്ഛന്റെ ഉള്ളിലെ തീയറിഞ്ഞതും ......
അച്ഛന്റെ ഒപ്പം നടുക്കുവാനേറെ ഇഷ്ടമെന്നാലും
അച്ഛന്റെ വാക്കുകൾ കേട്ടു രസിയ്ക്ക കഷ്ടം !

പുണ്യമാം അച്ഛന് ആയുരാരോഗ്യവും
പുത്തനുണർവ്വും നൽകുമാറാകണേ ...
പഞ്ചഭൂതങ്ങൾക്കും അധിപനാം നാഥാ
പ്രാർഥന കേൾക്കുമാറാകണം നിൻ ആശ്രിതന്റെ !

✵

---

അവഗണിക്കപ്പെടുകയോ പാർശ്വവൽക്കരിക്കപ്പെടുകയോ ചെയ്യപ്പെട്ട അഗതികളെ മുഖ്യധാരയിലെത്തിക്കണമെങ്കിൽ സാമ്പത്തിക അന്തരത്തോടൊപ്പം ആഡംബര അന്തരവും കുറയണം.

സർക്കാർ ഉദ്യോഗസ്ഥരെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടുള്ള നടപടിക്രമങ്ങളിലൂടെ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജനവും ദരിദ്രരുടെ പുനരധിവാസവും സാദ്ധ്യമാകൂ. മറിച്ചായാൽ സർക്കാർ കാര്യം മുറപോലെയെന്ന പ്രതികൂല പ്രതിഭാസം മാത്രം മുന്നേറും. പത്തനാപുരം ഗാന്ധിഭവൻ, തോന്നയ്ക്കൽ സായിഗ്രാമം തുടങ്ങിയവ പോലുള്ള ലാഭേച്ഛയില്ലാത്ത ധർമ്മസ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നുള്ള പ്രോത്സാഹനങ്ങൾ ഉണ്ടായാൽ മാത്രമേ കരുണയർഹിക്കുന്ന പൗരപരിഗണന ലഭിക്കാത്ത പാവപ്പെട്ട പൗരന്മാർ സുരക്ഷിതരാകൂ.

✵

# STAYING GROUNDED

*Er Thomas Kolanjikombil*
Maramon.

No one's life is easy. We all face setbacks and difficult times. We reconciled to many situations where we wonder what is happening around us. Sometimes our brain plays tricks on us. We cannot stop thinking about bad things that could happen. But it's how we shall deal with these challenges that define us as people. Believing in our power to manifest change and create our desired life is essential to a vibrant living.

As electrical engineers we know, how desirable is grounding to electrical system. Grounding our skin with earth, such as walking barefoot is said have many therapeutic benefits.

Staying grounded is a term which is initially used in aviation: when a pilot is prevented from flying an aircraft due to misconduct or other reasons. But this adjective is now generally used to denote a person who is sensible, knowledgeable, down to earth, practical, realistic, stable, firmly established, etc.

Being grounded typically means that, the person is emotionally stable, sensitive and have a strong sense of self. When we have credence in our self worth, we are less likely to fall apart when criticised. We feel more comfortable in taking risks because we have more confidence in our ability to bounce back when things don't work out. When we lack the sense of self, our inner critic will become louder and we hear a nagging voice inside our head, which may tear down our confidence and leave, feeling of hopelessness. Such unhelpful thinking can harm our mental health over time. Well grounded people will be practical, level headed and capable to make rational decisions based on their values and beliefs. Its about trusting ourselves enough to make right conclusions rather than doing something just because it's what someone else told us to do.

We find it challenging to cope with changes in our life. We can't bounce back after negotiating a difficult situation. A nicely grounded person is often able to navigate life's challenges with resilience and adaptability. Resilience can be described as a person's capacity to manage changes and challenges and rebound. No one is innately resilient. Resilience is fostered through the development of healthy coping behaviour, self care strategies and cognitive flexibility. Mindfulness, meditation and yoga are activities that can support us in developing resilience. They train us to stay in the present moment. It hold back our wandering mind. It allows us to see our challenges from a new perspective and respond to them in a more flexible way.

One way or another, each one of us is likely to face adversities in life. The nature, extent and significance only

differ. In the face of uncertainties staying grounded enable us to connect to the core of whom we are. It doesn't mean that we have controlled the chaos externally, but we are in full control of our emotions, thoughts, values, purpose and vision, we have in life. When adversities strike, it is the time we have to be most calm. Take a step backwards, stay strong, stay grounded and move forward. For such people adversities serves as a teacher that can help us to grow and learn more about ourselves. Our ability to face adversity could inspire someone else and have impact in the future.

A rightly grounded person maintain healthy relationship. Trust, respect, honesty, affection and communication are the signs of a healthy relationship. People who have healthy relationships are more likely to be happier and satisfied with their lives. It increases our sense of worth and belonging and help us to feel less alone. Properly grounded person is able to set boundaries and maintain them in their relationship. Having boundaries is like drawing a line, on one side, things we are okay with and on the other side, things which make us uncomfortable.

Being well grounded also mean being in touch with reality and having a clear understanding of the world around us. The way we perceive ourselves in relation to the rest of the world influences our behaviours and beliefs. We should acknowledge the incredible diversity with which the universe is blessed. It is the only way to have any kind of appreciation that we are all in together. We should be aware of our own strengths and weaknesses and also that of others. Grounded people are conscientious. They see things objectively and make judgement.

Grounded people are self confident. Confidence help us feel ready for life's paradoxes. When we are confident we are more likely to move forward with people and opportunities. If things don't work out first, confidence help us to try again. Our success is determined by our confidence and fortitude. A well grounded person never bow his eyes down while talking to someone. They are not afraid to tell the truth even if it is bitter. They are engaged in improving themselves rather than being in a hurry to answer. They trust in action more than words. They are firm in their promises. They never hesitate in asking questions. They are focused on their goals and manage obstacles themselves. They live a balanced life. They are humble. It's not the accomplishments we have, but staying real to ourselves and holding our feet firmly on the ground, that keep us going.

Faith helps us to stay grounded. Faith gives us energy to keep going even when we face obstacles or feel like giving up. God says "Be patient, My timing is perfect, I have something bigger plans for you, Trust me, You are going to love it ". We may not know what the future holds or what decision to take, but having faith and optimism help us to stay grounded and trust ourselves. With optimism we can trust great things will happen if we stay committed. At its core faith and optimism

തൃശൂർ ജില്ലാ കളക്ടർ ശ്രീ. കൃഷ്ണ തേജ അവർകളുടെയും ചാലക്കുടി എം.എൽ.എ. ശ്രീ. സനീഷ് ജോസഫ് അവർകളുടെയും നേതൃത്വത്തിൽ അതിരപ്പിള്ളി മുതൽ മലക്കപ്പാറ വരെയുള്ള വിവിധ കോളനി നിവാസികൾക്ക് വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നടത്തിയ ജീവകാരുണ്യ പ്രവർത്തങ്ങളിൽ പങ്കാളികളായി 350 പുതപ്പുകൾ നൽകുന്നതിന് കെ.എസ.ഇ. ബി. എഞ്ചിനിയേർസ് അസോസിയേഷന് സാധിച്ചു. 2023 ജൂൺ 20 ന് തവളകുഴി പാറ കോളനിക്കടുത്തു വെച്ച് ബഹുമാനപ്പെട്ട കളക്ടർക്കു എം.എൽ.എ. പ്രസ്തുത പുതപ്പുകൾ കൈമാറി. ഈ അവസരത്തിൽ അസോസിയേഷൻ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി Er ഷൈൻ സെബാസ്റ്റ്യൻ, മുൻ പ്രസിഡന്റ് Er എൻ.ടി. ജോബ്, മുൻ തൃശൂർ ജില്ലാ സെക്രട്ടറി Er സലിൽ. പി.സി., വിവിധ സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.





Happy Retirement!



Er Manoj R.
Assistant Executive Engineer

Thank you for everything you did.
Wishing you a life full of
success and happiness...
Happy
Retirement!



Er Vijayakumar V.R.
Assistant Executive Engineer

Er. George Mathew & Er. Nishanth attending AIPEF Meeting on behalf of KSEBEA




Wayanad unit meeting



Chithirapuram Unit meeting



Kottayam unit meeting



Idukki unit meeting




Kozhikode unit meeting



KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628

Price ₹ 10
Postal Reg. No. KL/TV(N)/645/2022-2024
Date of Publication 08.08.2023

# KSEB ENGINEERS' ASSOCIATION

# ANNUAL GENERAL BODY - 2023

## 1st OCTOBER 2023

## ASHIRWAD LAWNS KOZHIKODE

## FUERZA - 2023

www.ksebea.in

Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only